25
2021
നവംബർ
വ്യാഴം
1197
വൃശ്ചികം 9

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 193 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-193 പേജ് 4. വില 2.00 രൂപ

02 ലോകമലയാളികളുടെ അനുഭവപരിജ്ഞാനം പ്രയോജനപ്പെടുത്തും: പി. ശ്രീരാമകൃഷ്ണൻ
03 കുടുംബശ്രീയുടെ മുറ്റത്തെമുല്ല പദ്ധതി കൂടുതൽ ശക്തിപ്പെടുത്തും: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ
04 ടൂറിസം സാധ്യതയുള്ള പുതിയ കേന്ദ്രങ്ങൾ കണ്ടെത്തണം: മന്ത്രി മുഹമ്മദ് റിയാസ്

# കടലിന്റെ മക്കൾക്ക് 47.84 കോടിയുടെ സഹായപാക്കേജ്



തിരുവനന്തപുരം: കനത്ത മഴയെത്തുടർന്ന് കടലിൽ പോകാൻ കഴിയാതെ ദുരിതക്കയത്തിലായ കടലിന്റെ മക്കൾക്ക് 47.84 കോടി രൂപയുടെ സഹായ പാക്കേജുമായി സംസ്ഥാന സർക്കാർ.

കനത്ത മഴയെ തുടർന്ന് ഒക്ടോബർ, നവംബർ മാസങ്ങളിൽ മത്സ്യബന്ധനത്തിനായി കടലിൽ പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളി, അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 3,000 രൂപ വീതം ധനസഹായം നൽകും. ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം. ഇതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 47.84 കോടി രൂപ അനുവദിക്കുമെന്നു ധനമന്ത്രി കെ എൻ ബാലഗോപാൽ മാധ്യമങ്ങളോടു പറഞ്ഞു.

സംസ്ഥാനത്തെ 1,59,481 മത്സ്യത്തൊഴിലാളി, അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഇതുപ്രകാരമുള്ള ധനസഹായം ലഭിക്കും. ഒക്ടോബറിലും നവംബറിലുമുണ്ടായ ശക്തമായ പ്രകൃതി ക്ഷോഭത്തെത്തുടർന്നു കടലിൽ പോകുന്നതിന് ദുരന്ത നിവാരണ അതോറിറ്റി ദിവസങ്ങളോളം വിലക്ക് ഏർപ്പെടുത്തിയിരുന്നു. ഇതുമൂലം വറുതിയിലായ കുടുംബങ്ങളെ സഹായിക്കാനാണ് പ്രത്യേക പാക്കേജായി തുക അനുവദിക്കുന്നത്. കോവിഡിന്റെ പ്രത്യേക സാഹചര്യംകൂടി കണക്കിലെടുത്ത് കൈക്കൊണ്ട തീരുമാനം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കു വലിയ സഹായമാണെന്നും മന്ത്രി പറഞ്ഞു.

ഉൾനാടൻ, തീരമേഖലയിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ധനസഹായം ലഭിക്കുമെന്നു ഫിഷറീസ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും ദുരിതമനുഭവിക്കുന്നവരുമായ കുടുംബങ്ങൾക്കാകും ധനസഹായം. സർക്കാർ തീരുമാനം തീരദേശത്തിനു വലിയ ആശ്വാസമാണെന്നും മന്ത്രി പറഞ്ഞു.

## ഡൽഹിയിലേക്ക് പ്രവേശനം ഇലക്ട്രിക്, സിഎൻജിവാഹനങ്ങൾക്ക്മാത്രം

ന്യൂഡൽഹി: ഡൽഹി വായുമലിനീകരണം മൂലം അടച്ചിട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളും സർക്കാർ ഓഫീസുകളും നവംബർ 29 മുതൽ തുറക്കാൻ അനുമതി നൽകി. പരിസ്ഥിതി മന്ത്രി ഗോപാൽ റോയിയാണ് ഇത് സംബന്ധിച്ച ഉത്തരവിറക്കിയത്. ദേശീയ തലസ്ഥാനത്ത് വായുവിന്റെ ഗുണനിലവാരം മെച്ചപ്പെട്ടതിനെ തുടർന്നാണ് തീരുമാനമെന്ന് മന്ത്രി അറിയിച്ചു. സിഎൻജി വാഹനങ്ങൾക്കും വൈദ്യുതി വാഹനങ്ങൾക്കും ഡൽഹിയിലേക്ക് പ്രവേശന അനുമതി നൽകിയിട്ടുണ്ട്. ഡിസംബർ മൂന്നുവരെയാണ് പെട്രോൾ, ഡീസൽ ഉൾപ്പെടെയുള്ള ഇന്ധനങ്ങളിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയത്.

തിങ്കളാഴ്ച മുതൽ സർക്കാർ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കും. സർക്കാർ ജീവനക്കാരോട് പൊതുഗതാഗത സംവിധാനം ഉപയോഗപ്പെടുത്താൻ ആവശ്യപ്പെട്ടു. ഇതിനായി പ്രത്യേക സർവിസുകൾ നടത്തും. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണം കഴിഞ്ഞദിവസം നീക്കിയിരുന്നു.

# അനുപമയ്ക്ക് കുഞ്ഞിനെ കൈമാറി കുടുംബ കോടതി



തിരുവനന്തപുരം: അമ്മയറിയാതെ ദത്തു നൽകിയ കേസിൽ കുടുംബ കോടതിയുടെ അടിയന്തര ഇടപെടലോടെ കുഞ്ഞ് വീണ്ടും പെറ്റമ്മയുടെ കരങ്ങളിൽ. ഉച്ചയോടെ കോടതിയിൽ എത്തിച്ച കുഞ്ഞിനെ കോടതി നടപടികൾക്കു ശേഷം അനുപമയ്ക്കു ശിശുക്ഷേമ സമിതി ഉദ്യോഗസ്ഥർ കൈമാറി. ഇതിനുള്ള ഉത്തരവിനു മുന്നോടിയായി പാളയം കുന്നുകുഴിയിലെ നിർമല ശിശുഭവനിൽ നിന്ന് കുഞ്ഞിനെ കോടതിയിൽ എത്തിച്ചിരുന്നു. ജ!ഡ്ജി ബിജു മേനോന്റെ ചേംബറിൽ വച്ചാണ് നടപടികൾ പൂർത്തിയാക്കിയത്. ഉച്ചയ്ക്കു ശേഷം 2.30 ഓടെ ആരംഭിച്ച കോടതി നടപടികൾ ഒന്നരമണിക്കൂറോളം നീണ്ടു.

അനുപമയുടെ കുഞ്ഞിനെ ദത്ത് നൽകിയതിൽ ഗുരുതര പിഴവ്; റിപ്പോർട്ടിലെ ഒരു ഭാഗം മായ്ച്ചു

കോടതി നടപടികൾക്കു മുന്നോടിയായി സിഡബ്ല്യുസി അധ്യക്ഷയും കോടതിയിലെത്തി. ഡിഎൻഎ ഫലം അനുകൂലമായതോടെ അനുപമയും അജിത്തും കോടതിയിൽ എത്തി കുഞ്ഞിനെ നേരത്തെ വിട്ടു കിട്ടണമെന്ന് ആവശ്യപ്പെട്ട് അഡ്വാൻസ് പെറ്റീഷൻ സമർപ്പിച്ചിരുന്നു. ശിശുക്ഷേമ സമിതി ഉദ്യോഗസ്ഥരിൽ നിന്ന് വിശദാംശങ്ങൾ തേടിയ ശേഷമായിരുന്നു കുഞ്ഞിനെ അനുപമയ്ക്കു കൈമാറാൻ കോടതി ഉത്തരവിട്ടത്. സിഡബ്യുസി സമർപ്പിച്ച ഡിഎൻഎ പരിശോധനാ ഫലം ഉൾപ്പെടെയുള്ള രേഖകളും കുഞ്ഞിനെ കൈമാറാനുള്ള ഉത്തരവിനു മുന്നോടിയായി കോടതി പരിശോധിച്ചു.

ഡിഎൻഎ പരിശോധനാ ഫലം അനുപമയ്ക്ക് അനുകൂലമായ സാഹചര്യത്തിൽ എത്രയും വേഗം കുട്ടിയെ കൈമാറാനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് പ്ലീഡറോട് സർക്കാർ നിർദേശിച്ചിരുന്നു. ഡിഎൻഎ ഫലം ഗവൺമെന്റ് പ്ലീഡർ മുഖാന്തരമാണ് കോടതിയിൽ സമർപ്പിച്ചത്.

# ആരാധകരുടെ വിശ്വാസക്കടലിന് മുകളിലേക്ക് മരയ്ക്കാർ

**യേശുദാസ് വില്യം**




മലയക്കുടി ജോസഫ് ആന്റെണി എന്ന ആന്റെണി പെരുമ്പാവൂർ മലയാളികൾക്ക് ആരാണ്..? കേരളത്തിലെ ചലച്ചിത്ര വിനോദവ്യവസായത്തിലെ കരുത്തുറ്റ ശബ്ദം.കഴിഞ്ഞ ദിവസം മാധ്യമങ്ങൾക്കുമുമ്പിൽ തന്റെ നിലപാടുകൾ കൃത്യമായി വിശദമാക്കിയ ആന്റെണിയെ കണ്ടപ്പോൾ തോന്നിയതാണ്.ഇതിനുമുമ്പും പ്രതിസന്ധി ഘട്ടങ്ങളെ അനായാസമായി മറികടന്നു മുന്നേറുന്ന ആന്റെണിയെ നിരവധി തവണ കണ്ടിട്ടുണ്ട്. കേരളത്തിലെ 230 തിലേറെ തീയ്യറ്ററുടമകൾ ആന്റെണിക്കെതിരായി.കാരണം ആന്റെണിയുടെ കമ്പനിയായ ആശിർവാദ് സിനിമാസ് കോവിഡ് കാലത്തു നിർമ്മിച്ച ചിത്രങ്ങൾ ഇവരുടെ തീയ്യറ്ററുകളിൽ പ്രദർശിപ്പിക്കണം.കോവിഡ് മഹാമാരിയിൽ നിന്നും കേരളത്തിലെ ചലച്ചിത്ര പ്രദർശനശാലകളെ ഉണർത്തുവാനും മലയാളസിനിമാവ്യവസായത്തിന് പുതിയ തുടക്കം കുറിക്കുവാനും ഇതു വഴിയൊരുക്കുമെന്നാണ് തിയ്യറ്ററുടമകളുടെയും ഏതാനം ചിലരുടെയും വാദം.എന്നാൽ ആന്റെണി ഇതിനോടകം പൂർത്തിയായ തന്റെ അഞ്ചു വൻ ബജറ്റ് ചിത്രങ്ങൾ(ബ്രോ ഡാഡി, മരയ്ക്കാർ അറബിക്കടലിന്റെ സിംഹം, ടൽത്ത് മാൻ,എലോൺ,പുലിമുരുകൻ ടീം ആശിർവ്വാദിനായി ഒരുക്കന്ന ചിത്രം) ഒ.ടി.ടി പ്ലാറ്റ്ഫോമുകളിലേക്ക് പ്രദർശനമുറപ്പിച്ചു.

വൻകിട ചിത്രങ്ങൾ നിർമ്മിക്കുന്ന നിലയിലേക്കുയർന്നുവന്ന ആശിർവ്വാദ് സിനിമാസിന്റെ ഒ.ടി.ടി അവകാശം നൽകിക്കഴിഞ്ഞ ചിത്രങ്ങൾ സംവിധാനം ചെയ്തിരിക്കുന്നത് പ്രയദർശൻ,ഷാജീ കൈലാസ്,ജിത്തു ജോസഫ്,പ്രിഥിരാജ്,വൈശാഖ് എന്നിവരാണ്.എല്ലാം എണ്ണം പറഞ്ഞ ചിത്രങ്ങൾ.നൂറു കോടിമുതൽ മുപ്പതും,നാല്പതും കോടി മുതൽ മുടക്കുള്ള ചിത്രങ്ങൾ.എല്ലാം കൂടെ 250 കോടിക്കു മുകളിലാണ് ചെലവ്.സമാനതകളോ മുൻ മാതൃകകളോ ഇല്ലാതെ ലോകം നേരിട്ട മാഹദുരന്തമായ കോവിഡ് മഹാമാരിയുടെ കാലത്ത് ചിത്രീകരിച്ചതാണ് പ്രിയദർശൻ ചിത്രമായ മരയ്ക്കാർ അറബിക്കടലിന്റെ സിംഹം ഒഴിച്ചുള്ള മറ്റു ചിത്രങ്ങൾ. അഞ്ഞൂറു കോടിക്കുമുകളിൽ വിറ്റുവരവ് മൂല്യമുള്ള ഈ മോഹൻലാൽ ചിത്രങ്ങൾ ചിത്രങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് പ്രദർശനത്തിനു കാരാർ ചെയ്യപ്പെട്ടതാണ് തീയ്യറ്റർ ഉടമകളിൽ കടുത്ത പ്രതിഷേധത്തിന് വഴിമരുന്നിട്ടത്.

സിനിമാരംഗത്ത് പണമിറക്കി സിനിമകൾ നിർമ്മിക്കുന്ന നിർമ്മാതാവ് തകർന്നു തരിപ്പണമാകുന്ന ചരിത്രം ആവർത്തിക്കുമ്പോൾ മുന്നു തലമുറകളായി മേധാവിത്വത്തോടെ കേരളത്തിൽ ചലച്ചിത്ര വ്യവസായത്തിൽ നിലനിൽക്കുന്ന ചോദ്യം ചെയ്യപ്പെടാത്ത വിഭാഗമാണ് പ്രദർശന ശാലകൾ നിയന്ത്രിക്കുന്ന എക്സിബിറ്റേഴ്സ്.മലയാളത്തിലെ ചലച്ചിത്ര നിർമ്മാതാക്കളുടെ പിന്നാമ്പുറ കഥകളന്വേഷിച്ചൽ കടക്കെണിയിലായവരുടെയും ചതിക്കപ്പെട്ടവരുടെയും വലിയൊരു നിര ദുരന്തമായി അവശേഷിക്കുന്നു.ആദ്യമായിട്ടാണ് പ്രദർശനശാലതൾക്കു പകരം മറ്റൊന്ന് എന്ന സംവിധാനം വന്നത്. പുതിയ ദൃശ്യസംവിധാനങ്ങൾ തീയ്യറ്റർ ഉടമകളിൽ ആശങ്ക ഉണർത്തുന്നത് സ്വാഭാവികം.കോവിഡ് വ്യാപനത്തിന്റെ തീവ്രത കുറയുകയും ജനജീവിതം സാധാരണ രീതിയിലേക്കു നീങ്ങുകയും ചെയ്യാൻ തുടങ്ങിയതോടെയാണ് മോഹൻലാൽ ചിത്രങ്ങളുടെ റിലീസ് വിഷയം കടുത്തത്.

കോവിഡ് കാലത്തെ പ്രതിസന്ധിയും, തകർച്ചയും അതിജീവിക്കാൻ മുന്നിൽ വന്ന വഴിയാണ് ഓടിടി റിലീസ്.ആന്റെണി പെരുമ്പാവൂർ കൈവന്ന അവസരം ബുദ്ധിപരമായി വിനിയോഗിച്ചു.കോവിഡ് കാലത്ത് ചിത്രീകരിച്ച് ഓടിടിയിൽ റിലീസ് ചെയ്ത ദൃശ്യം 2 അങ്ങിനെയാണ് വിസ്മയകരമായ വിജയം കൊണ്ടുവന്നത്.നൂറ്റാണ്ടുകളിൽ ഒരിക്കൽമാത്രം സംഭവിക്കുന്ന മഹാദുരന്ത കാലത്ത് നിലനിൽക്കുവാൻ കൈവന്ന അവസരം ആന്റെണി വിനിയോഗിച്ചു. കോവിഡ് രണ്ടാം തരംഗത്തിന്റെ ഇളവുകൾ പാലിച്ച് ആന്റെണി പെരുമ്പാവൂർ മുന്നു മോഹൻലാൽ സിനിമകൾ ഒരുക്കി.ഇതും ഓടിടി ക്കു നൽകണമെന്നുറച്ചു.കാരണം കോവിഡ് കാലത്തു മാത്രം സംഭവിക്കുന്ന അപൂർവ്വസിനിമകൾ എന്ന ഗണത്തിൽപെടുത്തിയാണ് ആ തീരുമാനം വന്നത്.ഇക്കൂട്ടത്തിൽ കോവിഡിനു മുൻപ് ചിത്രീകരണം പൂർത്തിയാക്കിയത് മരക്കാർ അറബിക്കടലിന്റെ സിംഹം മാത്രമാണ്.

ഇപ്പോൾ ആരാധകരുടെയും അധികൃതരുടെയും എക്സിബിറ്റേഴ്സിന്റെയും ആഗ്രഹപ്രകാരം ആന്റെണിയുടെ ചലച്ചിത്ര നിർമ്മാണ സംരംഭത്തിലെ ഏറ്റവും മൂല്യമുള്ള, നൂറു കോടി മുടക്കുമുതലുള്ള മരയ്ക്കാർ അറബിക്കടലിന്റെ സിംഹം തീയ്യറ്ററുകളിൽ റിലീസ് ചെയ്യുവാൻ പുനർ തീരുമാനം വന്നു കഴിഞ്ഞു.സർക്കാരും കൂടി ചേർന്ന ചർച്ചയിലാണ് സാമൂഹ്യപ്രതിബദ്ധതയുള്ള തീരുമാനം ആന്റെണി പെരുമ്പാവൂർ പ്രഖ്യാപിച്ചത്. .കോടികൾ റിസ്ക്കുള്ള തീരുമാനം സാധാരണ നിലയിൽനിന്നും മലയാള സിനിമയിലെ ഏറ്റവും വലിയ നിർമ്മാതാവാക്കിയ മോഹൻലാൽ ആരാധകരുൾപ്പടെയുള്ള പ്രേക്ഷക ലക്ഷങ്ങൾക്ക് വിട്ടു കൊടുത്തുകാണുമെന്ന് അനുമാനിക്കാം. കേരളത്തിലും ലോകത്തെമ്പാടും മോഹൻലാൽ എന്ന ബ്രാന്റുപയോഗിച്ച് ചലച്ചിത്ര വിപണി വിപുലപ്പെടുത്തുവാൻ ലക്ഷ്യം വെച്ചുകൊണ്ടാണ് മരക്കാർ,ബാറോസ് എംമ്പുരാൻ തുടങ്ങിയ ചിത്രങ്ങൾ ആശിർവാദ് നിർമ്മിക്കുവാൻ തീരുമാനിച്ചത്.കോവിഡ് മഹാമാരി ലോകത്തെ വിനോദവ്യവസായത്തെ തകർത്തെറിയുന്നതുവരെ ആശിർവ്വാദിന്റെ നിർമ്മാണ ഷെഡ്യൂളുകൾ കൃത്യമായിരുന്നു.വിദേശ വിപണി പിടിക്കാൻ ഹോംങ്കോംഗിൽ ആശിർവ്വാദ് ഓഫീസ് തുടങ്ങയതും ഈ ലക്ഷ്യം മുന്നിൽ കണ്ടാണ്.ലോകത്തെ തീയ്യറ്ററുകളിൽ എമ്പാടും മരയ്ക്കാർ റിലീസ് ചെയ്യാനായിരുന്നു പദ്ധതി.കോവിഡിന്റെ പശ്ചാത്തലത്തിലാണ് എല്ലാം മാറിമറിഞ്ഞത്.

തുടർന്നുവരുന്ന ചിത്രങ്ങളായ എംമ്പുരാൻ,ബറോസ്,ബോക്സർ തുടങ്ങിയവയും തീയ്യറ്ററുകൾക്കു വേണ്ടിത്തന്നെയാണന്ന് ആശിർവാദ് സിനിമാസിന്റെ നിർമ്മാണ വിഭാഗം പറയുന്നു.സൂപ്പർസ്റ്റാർ മോഹൻലാൽ സംവിധാനം ചെയ്യുന്ന ബാറോസ് അടുത്ത ഓണക്കാലത്ത് കേരളത്തിലെ തീയ്യറ്ററുകളിൽ റിലീസ് ചെയ്യുവാൻ കഴിയുന്ന തരത്തിലാണ് സജ്ജമാകുന്നതെന്ന് ആശിർവ്വാദ് സിനിമാസിന്റെ വൃത്തങ്ങൾ വെളിപ്പെടുത്തുന്നു.നിരവധി പ്രത്യേകതകളുള്ള ചിത്രങ്ങളാണ് ഓടിടി ക്കായി ആശിർവ്വാദ് ഒരുക്കിയിട്ടുള്ളത്.മാസ് ഫിലിം മേക്കറായ ഷാജീ കൈലാസ് ഒരുക്കുന്ന എലോൺ തന്നെയാണ് പ്രത്യക്ഷ ഉദാഹരണം.കാളിദാസ് എന്ന മോഹൻലാൽ അവതരിപ്പിക്കുന്ന കഥാപാത്രത്തിന്റെ മാനറിസങ്ങളും ജീവിത ശൈലിയും പ്രത്യേക കാലത്തിനായിമാത്രം രൂപപ്പെടുത്തിയിരിക്കുന്നു.ഷാജീകൈലാസും മോഹൻലാലും വീണ്ടും ആസ്വദിച്ച് ചിത്രത്തിന്റെ ലോക്കേഷനിൽ പണിയെടുക്കുന്നതു കണ്ടു.മോഹൻലാൽ തനിച്ചു മാത്രം അഭിനയിക്കുന്ന ചിത്രത്തിൽ കൊലപാതകവും,ആഘേഷങ്ങളും പ്രണയവും എല്ലാം ആവോളമുണ്ട്.പക്ഷേ എല്ലാത്തിനോടും സമരസപ്പെട്ടു കൊണ്ട് നായകനായ മോഹൻലാലിന്റെ കാളിദാസൻ മാത്രം. എംബുരാൻ സജ്ജമാവുന്നു. രചനയുടെ ഘട്ടം കടന്നു.വിദേശത്തെ ലൊക്കേഷനുകൾ തീരുമാനിക്കപ്പെട്ടു കഴിഞ്ഞു പുതുവർഷത്തിൽ മോഹൻലാൽ ചിത്രങ്ങളുടെ ചിത്രീകരണ പട്ടികയിൽ എംമ്പുരാനുമുണ്ട്.

വമ്പൻ ചിത്രങ്ങൾ അണിയറയിൽ ഒരുങ്ങുമ്പോൾ ആശിർവ്വാദ് സിനിമാസും ലോകോത്തര നിർമ്മാണ കമ്പനിയായി മാറുവാനുള്ള തയ്യാറെടുപ്പിലാണ്.മോഹൻലാലിനെ മുൻ നിർത്തിക്കൊണ്ടുള്ള കേരളം വിനോദ വ്യവസായരംഗത്ത് അവതരിപ്പിക്കുന്ന ബ്രാൻഡ്.ഇതിനായി വിദേശ കമ്പനികളുമായി ആശിർവ്വാദ് സിനിമാസ് വ്യാപരാക്കരാർ ഉണ്ടാകുവാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.ഓഹരിവിപണിയിൽ വന്നു കൂടായ്കയില്ല.ഇതിനെല്ലാം സാധ്യതയുണ്ട്.ആമസോണും,ഹോട്ട്സ്റ്റാറും പോലുള്ള ആഗോള വിനോദ വ്യവസായരംഗത്തെ ഭീമൻമാർക്കും കേരളത്തിലെ നമ്മുടെ മോഹൻലാലിന്റെ ആസുരഭാവവും,ചിരിയും ഏറെ ഇഷ്ടപ്പെട്ടിരിക്കുന്നു.ആശിർവാദ് സിനിമാസിന്റെ പുതിയ ലോഗോ മരയ്ക്കാർ അറബിക്കടലിന്റെ സിംഹ ത്തിന്റെ തുടക്കത്തിൽ വള്ളിത്തിരയിൽ ലോകത്തെമ്പാടും തെളിഞ്ഞുവരും ആന്തർദ്ദേശിയ ചലച്ചിത്ര നിർമ്മാണക്കമ്പനികളുടെ മാനങ്ങളുള്ള ലോഗോയിൽ മലയക്കുടി ജോസഫ് ആന്റെണിയുടെ തെളിയുന്ന ലോലമായ രുപവും അതിൽ നിന്നു നക്ഷത്ര ശോഭയോടെ തെളിഞ്ഞു പ്രകാശിക്കുന്ന മോഹൻലാലിന്റെ കിരീടപ്രഭയുള്ള മുഖവുമാണ് അനാവരണം ചെയ്യപ്പെട്ടിരിക്കുന്നത്. അപ്പോഴും ഒരു ചോദ്യം ഉയരും ആശിർവാദ് സിനിമാസ് യഥാർത്ഥത്തിൽ ആന്റെണിയാണോ മോഹൻലാലാണോ .അപ്പോൾ കണ്ണിറുക്കി മോഹൻലാൽ പറയും ചുമ്മാ.... ആൻെണി ചിരിക്കും കേരളം കണ്ട ഏറ്റവും വലിയ വിശ്വസ്തതയുടെ ചിരി....

## കാലഹരണപ്പെട്ട 218 നിയമങ്ങൾ പിൻവലിക്കാൻ മന്ത്രിസഭാ തീരുമാനം

തിരുവനന്തപുരം: സംസ്ഥാനത്തെ കാലഹരണപ്പെട്ട 218 നിയമങ്ങൾ പിൻവലിക്കാൻ മന്ത്രിസഭാ തീരുമാനം. ഇതുസംബന്ധിച്ച കേരള നിയമപരിഷ്കരണ കമ്മീഷൻറെ 15ാമത് റിപ്പോർട്ട് ഭേദഗതികളോടെ മന്ത്രിസഭ അംഗീകരിക്കുകയായിരുന്നു.

തിരുവിതാംകൂർ, തിരുകൊച്ചി, മലബാർ, കൊച്ചി തുടങ്ങിയ പ്രദേശങ്ങൾക്ക് ബാധകമായിരുന്ന 37 നിയമങ്ങളും 181 നിയമഭേദഗതികളും കാലഹരണപ്പെട്ടതെന്നാണ് കമ്മീഷൻ ചൂണ്ടിക്കാട്ടിയിരുന്നത്. ഭേദഗതി നിയമങ്ങളിൽ പലതും പിന്നീട് നിയമത്തിൻറെ തന്നെ ഭാഗമായതായും കമ്മീഷൻ നിരീക്ഷിച്ചിരുന്നു.

മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിനുള്ള നിയമം, ദേവദാസി സന്പ്രദായം അവസാനിപ്പിക്കുന്നതിനുള്ള 1947ലെ നിയമം, 1975ലെ കേരള താല്കാലിക കടാശ്വാസ നിയമം, തിരുവിതാംകൂർ കൊട്ടാരത്തിൽ സ്ഥിരമായി നെല്ലും അരിയും നൽകണമെന്ന അവകാശം നിരോധിച്ചുകൊണ്ടുള്ള നിയമം, 2005ലെ കേരള വിനോദ സഞ്ചാര പ്രദേശങ്ങൾ സംരക്ഷിക്കൽ നിയമം, 1124 ലെ താലിയം വിളംബരം, തിരുവിതാംകൂർ കൊച്ചി വിനോദ നികുതി നിയമം തുടങ്ങിയവ കമ്മീഷൻ ചൂണ്ടിക്കാട്ടിയിരുന്ന നിയമങ്ങളിൽ ചിലതാണ്.

ഇത്തരം നിയമങ്ങൾ അവസാനിപ്പിക്കുന്നതിനായി കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പാസാക്കണമെന്നാണ് കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്. കരടു ബില്ലുകൾ വിവിധ വകുപ്പുകളുടെ പരിഗണനയിലാണ്.



കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ 'ഒരു വില്ലേജ് ഒരു പുതിയ വ്യവസായ സംരംഭം' എന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വ്യവസായ കയർ നിയമ വകുപ്പ് മന്ത്രി പി രാജീവ് നിർവഹിക്കുന്നു

# 'ഓ സ്മാർട്ട്'എന്ന പദ്ധതിയുടെ തുടർച്ചയ്ക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി

## 2177 കോടി രൂപയാണ് പദ്ധതി ചെലവ്

കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ 'ഓഷ്യൻ സർവീസസ്, മോഡലിംഗ്, ആപ്ലിക്കേഷൻ, റിസോഴ്സ് ആൻഡ് ടെക്നോളജി (ഒസ്മാർട്ട്)' എന്ന പദ്ധതിക്ക് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ

ഇന്ന് ചേർന്ന സാമ്പത്തിക കാര്യങ്ങൾക്കായുള്ള കേന്ദ്ര മന്ത്രിസഭാ സമിതി അംഗീകാരം നൽകി. 202126 കാലയളവിലെ മൊത്തത്തിലുള്ള ചെലവ് 2177 കോടി രൂപയാണ്

ഓഷ്യൻ ടെക്നോളജി, ഓഷ്യൻ മോഡലിംഗ് ആൻഡ് അഡ്വൈസറി സർവീസസ് (ഓ എം എ എസ് ), ഓഷ്യൻ ഒബ്സർവേഷൻ നെറ്റ്വർക്ക് (ഓ ഓ എൻ ), ഓഷ്യൻ നോൺ ലിവിംഗ് റിസോഴ്സ്, മറൈൻ ലിവിംഗ് റിസോഴ്സസ് ആൻഡ് ഇക്കോളജി (എം എൽ ആർ ഇ ), തീര ഗവേഷണവും പ്രവർത്തനവും, ഗവേഷണയാനങ്ങളുടെ പരിപാലനവും എന്നിങ്ങനെ ഏഴ് ഉപ പദ്ധതികൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. മന്ത്രാലയത്തിന്റെ സ്വയംഭരണ/അറ്റാച്ച്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകളാണ് ഈ ഉപ പദ്ധതികൾ നടപ്പിലാക്കുന്നത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (എൻ ഐ ഓ ടി ), ചെന്നൈ; ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (ഇൻകോയിസ് ), ഹൈദരാബാദ്; നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ച് (എൻ സി പി ഓ ആർ ), ഗോവ, സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആൻഡ് ഇക്കോളജി (സി എം എൽ ആർ ഇ ), കൊച്ചി; കൂടാതെ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻസിസിആർ), ചെന്നൈ, കൂടാതെ മറ്റ് ദേശീയ സ്ഥാപനങ്ങളും ഉൾപ്പെടുന്നു. മന്ത്രാലയത്തിന്റെ സമുദ്രശാസ്ത്ര, തീരദേശ ഗവേഷണ കപ്പലുകളുടെ ഒരു ശ്രേണി പദ്ധതിക്ക് ആവശ്യമായ ഗവേഷണ പിന്തുണ നൽകുന്നു.

1981ൽ സ്ഥാപിതമായ ഡിപ്പാർട്ട്മെന്റ് ഓഫ് ഓഷ്യൻ ഡെവലപ്മെന്റ് ആണ് ഇന്ത്യയിലെ സമുദ്രങ്ങളുമായി ബന്ധപ്പെട്ട ഗവേഷണവും സാങ്കേതിക വികസനവും ആരംഭിച്ചത്, അത് പിന്നീട് ഭൗമ ശാസ്ത്ര മന്ത്രാലയത്തിൽ ലയിപ്പിക്കുകയും അതിനുശേഷം തുടരുകയും ചെയ്തു. സാങ്കേതിക വികസനങ്ങൾ, പ്രവചന സേവനങ്ങൾ, ഫീൽഡ് ഇൻസ്റ്റാളേഷനുകൾ, പര്യവേക്ഷണങ്ങൾ, സർവേ, ദേശീയ നേട്ടങ്ങൾക്കായുള്ള സാങ്കേതിക പ്രകടനങ്ങൾ എന്നിവയിലൂടെ സമുദ്രശാസ്ത്ര ഗവേഷണത്തിൽ ഭൗമ ശാസ്ത്ര മന്ത്രാലയം സുപ്രധാന സ്ഥാനം നേടിയിട്ടുണ്ട്. സമുദ്രശാസ്ത്ര ഗവേഷണ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ഓ സ്മാർട്ട്

പദ്ധതി നമ്മുടെ സമുദ്രങ്ങളുടെ തുടർച്ചയായ നിരീക്ഷണം, സാങ്കേതിക വിദ്യകളുടെ വികസനം, നമ്മുടെ സമുദ്രവിഭവങ്ങൾ (ജീവനുള്ളതും അല്ലാത്തതും) സുസ്ഥിരമായി ഉപയോഗപ്പെടുത്തുന്നതിനുള്ള പര്യവേക്ഷണ സർവേകൾ അടിസ്ഥാനമാക്കിയുള്ള പ്രവചനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള ലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കുന്നത്. ഒപ്പം സമുദ്ര ശാസ്ത്രത്തിലെ മുൻനിര ഗവേഷണത്തിന് പ്രോത്സാഹനവും.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങളിലൂടെ നിരവധി പ്രധാന നാഴികക്കല്ലുകൾ കൈവരിച്ചു, അനുവദിച്ചതിൽ പോളി മെറ്റാലിക് നോഡ്യൂളുകളുടെയും (പി എം എൻ) ഹൈഡ്രോതെർമൽ സൾഫൈഡുകളുടെയും ആഴക്കടൽ ഖനനത്തെക്കുറിച്ച് വിപുലമായ ഗവേഷണം നടത്തുന്നതിന് ഇന്റർനാഷണൽ സീബെഡ് അതോറിറ്റിയുടെ (ഐഎസ്എ) പയനിയർ ഇൻവെസ്റ്റർ എന്ന ഇന്ത്യയുടെ അംഗീകാരമാണ് ഏറ്റവും പ്രധാനം. ഇന്ത്യൻ മഹാസമുദ്രത്തിന്റെ പ്രദേശം.

ലക്ഷദ്വീപ് ദ്വീപുകളിൽ ഇത്തരം സൗകര്യം കുറഞ്ഞ താപനിലയിൽ താപ ഡീസാലിനേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചതും ശ്രദ്ധേയമായ നേട്ടമാണ്. കൂടാതെ, ഇന്ത്യയുടെ സമുദ്രവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ആർട്ടിക് മുതൽ അന്റാർട്ടിക്ക് മേഖല വരെ വ്യാപിച്ചിരിക്കുന്നു, ഇത് വലിയ സമുദ്ര ബഹിരാകാശത്തെ ഉൾക്കൊള്ളുന്നു, അവ ഇൻസിറ്റുവിലൂടെയും ഉപഗ്രഹാധിഷ്ഠിത നിരീക്ഷണത്തിലൂടെയും നിരീക്ഷിച്ചു. ഇന്റർ ഗവൺമെന്റൽ ഗ്ലോബൽ ഓഷ്യൻ നിരീക്ഷണ സംവിധാനത്തിന്റെ ഇന്ത്യൻ മഹാസമുദ്ര ഘടകം നടപ്പിലാക്കുന്നതിൽ ഇന്ത്യ നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്.

ഇന്ത്യൻ മഹാസമുദ്രത്തിൽ വിശാലമായ നിരീക്ഷണ ശൃംഖലകൾ സമുദ്രശാസ്ത്ര കമ്മീഷൻ വിന്യസിക്കുകയും പരിപാലിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിരീക്ഷണ ശൃംഖല, മത്സ്യബന്ധനത്തിന് സാധ്യതയുള്ള സ്ഥലങ്ങൾക്കായുള്ള സമുദ്ര പ്രവചന സേവനങ്ങളും, ചുഴലിക്കാറ്റ്, സുനാമി, കൊടുങ്കാറ്റ് എന്നിവയുമായി ബന്ധപ്പെട്ട മുന്നറിയിപ്പ് അന്താരാഷ്ട്ര തലത്തിലും അയൽരാജ്യങ്ങളിലും നൽകുന്നു. . യുനെസ്കോ അംഗീകരിച്ച സമുദ്ര ദുരന്തങ്ങൾക്കുള്ള അത്യാധുനിക മുൻകൂർ ഇന്ത്യയ്ക്കും ഇന്ത്യൻ മഹാസമുദ്രത്തിലെ രാജ്യങ്ങൾക്കും സേവനങ്ങൾ നൽകുന്നതിനായി ഹൈദരാബാദിലെ ഇൻകോയിസിൽ സുനാമി, കൊടുങ്കാറ്റ് മുന്നറിയിപ്പ് സംവിധാനം സ്ഥാപിച്ചു. ഇന്ത്യൻ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിലും (ഇഇസെഡ്) ഇന്ത്യയുടെ കോണ്ടിനെന്റൽ ഷെൽഫിലും ദേശീയ നേട്ടങ്ങൾക്കായി സമുദ്ര സ്രോതസ്സുകൾ, സമുദ്രവുമായി ബന്ധപ്പെട്ട ഉപദേശക സേവനങ്ങൾ, നാവിഗേഷൻ തുടങ്ങിയവയെക്കുറിച്ചുള്ള വിപുലമായ സർവേ നടത്തുന്നു. മാപ്പിംഗ് ഉൾപ്പെടെ ഇഇസെഡ്ലെയും ഇന്ത്യയുടെ ആഴക്കടലിലെയും ജീവനുള്ള വിഭവങ്ങളുടെ വിലയിരുത്തൽ. സമുദ്ര ജൈവവൈവിധ്യത്തിന്റെ സംരക്ഷണവും സംരക്ഷണവും ലക്ഷ്യമാക്കി സമുദ്ര ആവാസവ്യവസ്ഥയ്ക്കായി ജീവനുള്ള വിഭവങ്ങൾ ഏറ്റെടുത്തു. തീരദേശ മാറ്റങ്ങളും സമുദ്ര ആവാസവ്യവസ്ഥയും ഉൾപ്പെടെ ഇന്ത്യയുടെ തീരദേശ ജലത്തിന്റെ ഗുണനിലവാരവും നിരീക്ഷിച്ചു വരുന്നു.

ഓസ്മാർട്ട് ഒരു മൾട്ടി ഡിസിപ്ലിനറി തുടർ പദ്ധതിയായതിനാൽ, നടന്നുകൊണ്ടിരിക്കുന്ന വിപുലമായ ഗവേഷണസാങ്കേതിക വികസന പ്രവർത്തനങ്ങൾ അന്താരാഷ്ട്ര തലത്തിൽ സമുദ്രശാസ്ത്ര മേഖലയിൽ രാജ്യത്തിന്റെ ശേഷി വർദ്ധിപ്പിക്കും. നിലവിലെ ദശകത്തെ ഐക്യരാഷ്ട്രസഭ സുസ്ഥിര വികസനത്തിനായുള്ള സമുദ്ര ശാസ്ത്രത്തിന്റെ ദശകമായി പ്രഖ്യാപിച്ചിരിക്കുന്നു, ഈ പദ്ധതിയുടെ തുടർച്ച ആഗോള സമുദ്രശാസ്ത്ര ഗവേഷണത്തിലും സാങ്കേതിക വികസനത്തിലും നമ്മുടെ നിലപാടിനെ ശക്തിപ്പെടുത്തും. ഈ പദ്ധതിയുടെ തുടർച്ച, വിശാലമായ സമുദ്രവിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായ ഉപയോഗത്തിന് നീല സമ്പദ്ഘടനയെക്കുറിച്ചുള്ള ദേശീയ നയത്തിന് കാര്യമായ സംഭാവന നൽകും. സമുദ്രങ്ങൾ, സമുദ്ര വിഭവങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും സുസ്ഥിരമായി ഉപയോഗിക്കുന്നതിനുമുള്ള ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യം14 കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ തീരദേശ ഗവേഷണത്തിലൂടെയും സമുദ്ര ജൈവവൈവിധ്യ പ്രവർത്തനങ്ങളിലൂടെയും നടന്നുവരുന്നു.

സമുദ്ര ഉപദേശക സേവനങ്ങളിലൂടെയും, വികസിപ്പിച്ച സാങ്കേതിക വിദ്യകളിലൂടെയും, സമുദ്ര പരിസ്ഥിതിയിൽ, പ്രത്യേകിച്ച് ഇന്ത്യയുടെ തീരദേശ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന നിരവധി മേഖലകൾക്കും പ്രയോജനം ചെയ്യും. ഒപ്പം ദേശീയ ജിഡിപിയിൽ സുപ്രധാനമായ സംഭാവനകൾ നൽകുന്നത് തുടരുകയും ചെയ്യും.

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ (202126) ഈ പദ്ധതി സമുദ്ര മേഖലയ്ക് ബാധകമായ അത്യാധുനിക സാങ്കേതികവിദ്യ വിതരണം ചെയ്യുന്നതിനുള്ള നിലവിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ കൂടുതൽ സമഗ്രമായ കവറേജ് നൽകുകയും , വിവിധ തീരദേശ സംസ്ഥാനങ്ങൾക്ക് പ്രവചനം, മുന്നറിയിപ്പ് സേവനങ്ങൾ, സമുദ്രജീവികളുടെ ജൈവവൈവിധ്യ സംരക്ഷണം ജീവജാലങ്ങളുടെയും തീരദേശ പ്രക്രിയകളുടെയും പഠനം എന്നിവ സാധ്യമാക്കും.

# ലോകമലയാളികളുടെ അനുഭവപരിജ്ഞാനം പ്രയോജനപ്പെടുത്തും: പി. ശ്രീരാമകൃഷ്ണൻ

ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ അനുഭവപരിജ്ഞാനവും വൈദഗ്ദ്ധ്യവും സമാഹരിച്ച് കേരളത്തിന് ഗുണകരമായ നിലയിൽ പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള സോഷ്യൽ ഹാക്കത്തോൺ എന്ന സങ്കല്പം നോർക്കയുടെ ലക്ഷ്യമായി ഏറ്റെടുക്കുമെന്ന് നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാനായി ചുമതലയേറ്റ പി. ശ്രീരാമകൃഷ്ണൻ അറിയിച്ചു.

ഉപജീവനാർഥം വിദേശത്ത് തൊഴിൽ തേടി പോവുകയും അതിനു ശേഷം നാട്ടിലേക്ക് തന്നെ തിരിച്ചു വരികയും ചെയ്യുന്നവരാണ് കേരളത്തിൽ നിന്നുള്ള പ്രവാസികൾ. ഈ രണ്ടു വിഭാഗങ്ങളുടെയും പ്രശ്നങ്ങൾ നോർക്ക ഒരുപോലെ ഏറ്റെടുക്കും. മറ്റു സംസ്ഥാനങ്ങളിലെ മലയാളികളിലേക്ക് നോർക്കയുടെ പ്രവർത്തനങ്ങൾ കൂടുതൽ എത്തിക്കുന്നതിന് നടപടി കൈക്കൊള്ളും. അതോടൊപ്പം വിദേശപൗരത്വം സ്വീകരിച്ച മലയാളികളെ കൂടി അഭിസംബോധന ചെയ്യുന്ന തരത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ സാധ്യതകളും പരിശോധിക്കും.

എല്ലാ ജില്ലകളിലും നോർക്ക റൂട്ട്സിന്റെ പ്രവർത്തനം അനുഭവവേദ്യമാക്കുന്ന തരത്തിൽ നോർക്ക സെല്ലുകൾ സജീവമാക്കുമെന്നും സ്ഥാനമേറ്റശേഷം മാധ്യമങ്ങളോട് സംസാരിക്കവെ അദ്ദേഹം പറഞ്ഞു.

കേരളം നേരിടുന്ന സമാന പ്രശ്നങ്ങൾ വിജയകരമായി തരണം ചെയ്ത പല ലോകരാജ്യങ്ങളുമുണ്ട്. അവിടങ്ങളിലുള്ള മലയാളികളുടെ അനുഭവ പരിജ്ഞാനം കേരളത്തിന് വലിയ മുതൽക്കൂട്ടാണ്. ലോക മലയാളികളുടെ ആഗോളകൂട്ടായ്മ എന്ന നിലയിൽ രൂപീകരിച്ച ലോകകേരളസഭ ഈ ദിശയിൽ കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകും. ലോകകേരള സഭ കേവലം ബിസിനസ്സ് കൂട്ടായ്മയല്ല, മറിച്ച് കേരളത്തിന്റെയും പ്രവാസി മലയാളികളുടെയും ആഗോളഅനുഭവങ്ങൾ പങ്കുവയ്ക്കാനും പ്രശ്നങ്ങൾ അഭിമുഖീകരിക്കാനുമുള്ള ആഗോളവേദിയാണ്.

നോർക്ക റൂട്ട്സ്, പ്രവാസിക്ഷേമ നിധി ബോർഡ്, ഓവർസീസ് കേരള ഇൻവെസ്റ്റ്മെന്റ് കമ്പനി ലിമിറ്റഡ് എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൂടുതൽ ഫലപ്രദമാക്കാൻ ശ്രമിക്കും.

വിദേശത്ത് കുടിയേറുന്ന മലയാളികളെ ഏകപക്ഷീയമായി പറഞ്ഞുവിടുന്നതിന് പകരം അവർക്ക് നൈപുണ്യവികസനത്തിന് കൂടുതൽ നടപടികൾ ആവിഷ്കരിക്കും. ഭാഷാ പഠനം അടക്കമുള്ള മേഖലകളിൽ പദ്ധതി ആവിഷ്കരിക്കും. പ്രവാസി സംഘടനകളുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ പ്രത്യേകം ഊന്നൽ നൽകും.

പ്രവാസി മലയാളികളുടെ നിക്ഷേപകങ്ങൾ ആകർഷിക്കുന്നതിനും നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി നിലവിലുള്ള നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ശക്തിപ്പെടുത്തും. നിക്ഷേപ രംഗത്ത് മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകാൻ കൂടി കഴിയുന്ന തരത്തിലെ വേദിയാക്കി അതിനെ ഉയർത്തും.

നോർക്ക രൂപീകരിച്ച് 25 വർഷവും നോർക്കറൂട്ട്സ് 20 വർഷവും പിന്നിടുന്ന ഘട്ടമാണിത്. കോവിഡു കാലത്ത് ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇല്ലാത്തതരത്തിലെ പ്രദ്ധതികളാണ് കേരളത്തിൽ നടപ്പാക്കിയത്. കേരളത്തെ കെട്ടിപ്പടുക്കുന്നതിൽ മുഖ്യപങ്കുവഹിച്ച മേഖലയാണ് പ്രവാസം. തീർത്താൽ തീരാത്ത കടപ്പാടാണ് കേരളത്തിന് പ്രവാസികളോടുള്ളത്. അവർക്കു വേണ്ടിയുള്ള പ്രവർത്തനത്തിന്റെ ഭാഗമാവാൻ കഴിഞ്ഞതിൽ ഏറെ ആഹ്ലാദമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ചുമതലയേൽക്കാനെത്തിയ പി.ശ്രീരാമകൃഷ്ണനെ നോർക്ക സി.ഇ.ഒ കെ.ഹരികൃഷ്ണൻ നമ്പൂതിരി, ജനറൽ മാനേജർ അജിത്ത് കോളശ്ശേരി തുടങ്ങിയവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു.

## ദേവസ്വം ബോർഡ്: സ്ക്രൈബിനെ ആവശ്യമുള്ളവർ അപേക്ഷിക്കണം

ഡിസംബർ 5 ന് തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ കൊച്ചിൻ ദേവസ്വം ബോർഡിലെ ലോവർ ഡിവിഷൻ ക്ലർക്ക്/ ജൂനിയർ ദേവസ്വം ഓഫീസർ/ ദേവസ്വം അസിസ്റ്റന്റ്, കൂടൽമാണിക്യം ദേവസ്വം ബോർഡിലെ ലോവർ ഡിവിഷൻ ക്ലർക്ക് എന്നീ തസ്തികകളിലേക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന പരീക്ഷയിൽ പങ്കെടുക്കുന്ന ഭിന്നശേഷിക്കാരായ (40 ശതമാനത്തിനു മുകളിൽ) ഉദ്യാഗാർത്ഥികൾ, സ്ക്രൈബിനെ ആവശ്യമുണ്ടെങ്കിൽ പരീക്ഷ തീയതിക്ക് ഏഴ് ദിവസം മുൻപ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ സറൃയ്ഠ@ഴാമശ ഹ.രീ മുഖേന അറിയിക്കണം. പരീക്ഷയുടെ ഹാൾടിക്കറ്റ്, മെഡിക്കൽ ബോർഡ് നൽകുന്ന നിശ്ചിത മാതൃകയിലുള്ള ഡിസബിലിറ്റി സർട്ടിഫിക്കറ്റിനോടൊപ്പം ബന്ധപ്പെട്ട സ്പെഷ്യാലിറ്റിയിലെ ഡോക്ടർമാർ നൽകുന്ന 'എഴുതുവാൻ ബുദ്ധിമുട്ടുണ്ട്' എന്ന് കാണിച്ച് കൊണ്ടുള്ള സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കുന്ന ഭിന്നശേഷിക്കാരായ ഉദ്യാഗാർത്ഥികൾക്ക് മാത്രമേ സ്ക്രൈബിനെ അനുവദിക്കുന്നത് പരിഗണിക്കൂ.

## കേരളോത്സവം 2021 : നവംബർ 30 വരെ രജിസ്റ്റർ ചെയ്യാം

കേരള സംസ്ഥാന യുവജന ക്ഷേമബോർഡ് സംഘടിപ്പിക്കുന്ന കേരളോത്സവം 2021 ൽ പങ്കെടുക്കാൻ ഇന്ന്(നവംബർ 25) മുതൽ നവംബർ 30 വരെ രജിസ്റ്റർ ചെയ്യാം. ഓൺലൈനായാണ് മത്സരം സംഘടിപ്പിക്കുന്നത്. ഠഠഠ.സല്യമഹീമേ്മാ.രീ എന്ന ഓൺലൈൻ ആപ്ലിക്കേഷനിലൂടെ മത്സരാർത്ഥികൾക്കും ക്ലബുകൾക്കും രജിസ്റ്റർ ചെയ്യാം. തുടർന്ന് ലഭിക്കുന്ന രജിസ്ട്രേഷൻ നമ്പരും കോഡും ഉപയോഗിച്ച് മത്സരത്തിനായി റെക്കോർഡ് ചെയ്ത വീഡിയോ അപ്‌ലോഡ് ചെയ്യണം.

## യുവതിയുടെ മരണം: ന്യൂനപക്ഷ കമ്മീഷൻ കേസെടുത്തു

എറണാകുളം ആലുവയിൽ ഗാർഹിക പീഡനത്തിനെതിരെ പോലീസിൽ പരാതി നൽകിയ യുവതി തൂങ്ങി മരിച്ച സംഭവത്തിൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സ്വമേധയാ കേസ്സെടുത്തു. എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയോടും ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറോടും അടിയന്തിര റിപ്പോർട്ട് ലഭ്യമാക്കാൻ കമ്മീഷൻ ചെയർമാൻ പി.കെ. ഹനീഫ ഉത്തരവായി. റിപ്പോർട്ട് ലഭിച്ചാലുടൻ കേസിൽ ഉചിതമായ നടപടി സ്വീകരിക്കുമെന്ന് കമ്മീഷൻ ചെയർമാൻ അറിയിച്ചു.

# കേരള ബാങ്കിന്റെ 'വിദ്യാനിധി' പദ്ധതി 29നു മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

കുട്ടികൾക്കായി കേരള ബാങ്ക് ആവിഷ്കരിച്ച 'വിദ്യാനിധി' നിക്ഷേപ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 29നു മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക, പഠനാവശ്യങ്ങൾക്ക് ആ തുക ഉപയോഗിക്കാൻ പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങളോടെ ഏഴു മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കായാണു 'വിദ്യാനിധി' പദ്ധതി ആരംഭിക്കുന്നത്. പദ്ധതി പ്രകാരം 12 മുതൽ 16 വരെ പ്രായമുള്ള കുട്ടികൾക്കു സ്വന്തം പേരിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കാം.

സൗജന്യ എസ്.എം.എസ്, സൗജന്യ ഡി.ഡി. ചാർജ്, സൗജന്യ ആർടിജിഎസ്, എൻഇഎഫ്ടി, ഐഎംപിഎസ് സേവനങ്ങൾ, വിദ്യാഭ്യാസ വായ്പയ്ക്കു മുൻഗണന, സൗജന്യ സർവീസ് ചാർജ്, സൗജന്യ എ.ടി.എം. കാർഡ്, മൊബൈൽ ബാങ്കിങ് സൗകര്യം തുടങ്ങിയവ ഈ അക്കൗണ്ടിന്റെ പ്രത്യേകതകളാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ സ്കോളർഷിപ്പുകൾ ഈ അക്കൗണ്ട് വഴി ലഭിക്കും.

പദ്ധതിയിൽ അംഗമായ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാനായി രക്ഷകർത്താവിന് (മാതാവിനു മുൻഗണന) എല്ലാവിധ സാധാരണ ഇടപാടുകളും നടത്താൻ കഴിയുന്ന സ്പെഷ്യൽ പ്രിവിലേജ് അക്കൗണ്ട് തുറക്കുന്നതിനും അനുവാദം നൽകും.

രണ്ടു ലക്ഷം രൂപവരെയുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷ ഈ അക്കൗണ്ട് ഉറപ്പാക്കും. ആദ്യ വർഷ പ്രീമിയം ബാങ്ക് നൽകും. 29നു രാവിലെ 11നു തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിലെ ഹാർമണി ഹാളിൽ നടക്കുന്ന ചടങ്ങിൽ സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിക്കും. വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി മുഖ്യ പ്രഭാഷണം നടത്തും.

കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ, പൊതുവിദ്യാഭ്യാസ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി തുടങ്ങിയവർ പങ്കെടുക്കും.

## സായുധ സേനാ പരിശീലനം നേടിയവർക്കു സ്കോളർഷിപ്പ്

സായുധ സേനയ്ക്കു കീഴിലുള്ള വിവിധ ട്രയിനിംഗ് അക്കാദമികളിൽ 2019 ഫെബ്രുവരി 19ന് ട്രയിനിംഗിലുണ്ടായിരുന്നവരും പിന്നീട് സേനയിൽ കമ്മീഷൺഡ് ഓഫീസറായവരുമായ കേരളീയരായ കേഡറ്റുകൾക്ക് രണ്ടു ലക്ഷം രൂപയും മിലിട്ടറി നഴ്സിംഗ് സ്കൂളുകളിൽ നിന്നും കമ്മീഷൺഡ് ഓഫീസറാകുന്നവർക്ക് ഒരു ലക്ഷം രൂപയും സ്കോളർഷിപ്പായി സംസ്ഥാന സർക്കാർ നൽകുന്നതിന് ആലോചിക്കുന്നു. സ്കോളർഷിപ്പിന് അർഹതയുള്ളവർ നവംബർ 30ന് വൈകിട്ട് അഞ്ചിനു മുമ്പ് സൈനീക ക്ഷേമ ഡയറക്ടറേറ്റിന്റെ d-sw-k-er-a-l-a-l-a-b6@gm-a-i-l.com എന്ന ഇമെയിലിൽ നമ്പർ, റാങ്ക്, പേര്, അക്കാദമിയുടെ പേര്, കമ്മീഷൻ ലഭിച്ച തീയതിയും സേനാ വിഭാഗവും, ഇമെയിൽ അഡ്രസ്സ്, മൊബൈൽ നമ്പർ, കേരളത്തിൽ താമസിക്കുന്ന സ്ഥലത്തെ അഡ്രസ്സ്, ഒഫീഷ്യൽ അഡ്രസ്സ്, കമ്മീഷൻ അനുവദിച്ച് കൊണ്ടുള്ള കത്തിന്റെ പകർപ്പ് തുടങ്ങിയവ സഹിതം പേരുകൾ രജിസ്റ്റർ ചെയ്യണം.

## ജുഡിഷ്യൽ സർവീസ് മെയിൻ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു

കേരള ജുഡിഷ്യൽ സർവീസ് മെയിൻ (എഴുത്ത്) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. ഹൈക്കോടതി റിക്രൂട്ട്മെന്റ് പോർട്ടലായ ംww.h-c-kr-e-cru-i-tm-en-t.n-i-c.in ൽ ഫലം ലഭിക്കും. വൈവ ഡിസംബർ ആറു മുതൽ 23 വരെ നടക്കും. യോഗ്യരായവർ പോർട്ടലിൽനിന്നു കോൾ ലെറ്റർ ഡൗൺലോഡ് ചെയ്യണം.

## ലാബ് ടെക്നിഷ്യൻ നിയമനം

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ കരാറടിസ്ഥാനത്തിൽ ലാബ് ടെക്നിഷ്യൻ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. ഡിസംബർ 4ന് വൈകിട്ട് 3.30 വരെ അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾക്ക്: www.r-c-c-tvm.gov.in.

# സംസ്ഥാന ഭക്ഷ്യമന്ത്രിമാരുടെ യോഗത്തിൽ മന്ത്രി ജി.ആർ. അനിൽ പങ്കെടുക്കും

'വിശപ്പുരഹിത കേരളം' പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി പിയൂഷ് ഗോയൽ വിളിച്ചു ചേർത്ത സംസ്ഥാന ഭക്ഷ്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കുന്നതിനായി ഭക്ഷ്യമന്ത്രി ജി.ആർ. അനിൽ ഡൽഹിയിൽ. ഭക്ഷ്യ പൊതുവിതരണ വകുപ്പിനെയും ഉപഭോക്തൃ കാര്യങ്ങളെയും ലീഗൽ മെട്രോളജി വകുപ്പിനെയും സംബന്ധിച്ച കാര്യങ്ങൾ സമ്മേളനത്തിൽ ചർച്ച ചെയ്യും. കേരളത്തിലെ മുൻഗണന കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചും ഉപഭോക്തൃ ബോധവൽക്കരണത്തെ സംബന്ധിച്ച പദ്ധതികളും സംസ്ഥാനത്തിന്റെ അരി വിഹിതത്തിൽ ആന്ധ്ര ജയ അരിയുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും പാചക വാതക സബ്സിഡി കുടിശ്ശിക പുനഃസ്ഥാപിക്കുന്നതിനെക്കുറിച്ചും അദ്ദേഹം കേന്ദ്ര മന്ത്രിയുമായി ചർച്ച ചെയ്യും.

# മുൻകൂർ അനുമതിയില്ലാതെ മാനേജ്മെന്റ് സ്കൂൾ കൈമാറ്റം: സർക്കുലർ പുറപ്പെടുവിച്ചു

മുൻകൂർ അനുമതിയില്ലാതെ വസ്തുവകകളോടെ സ്കൂളുകളുടെ മാനേജ്മെന്റ് കൈമാറ്റം സംബന്ധിച്ചു പൊതുവിദ്യാഭ്യാസ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 24112021 തീയതിയിലെ ജിഡിഇഎൻഎഫ്2/85/2021ജി.ഇഡിഎൻ സർക്കുലർ പ്രകാരം, സർക്കുലർ തീയതിക്കു മുൻപ്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതിയോടെയല്ലാതെ നടത്തിയ കൈമാറ്റങ്ങൾ സാധൂകരിച്ചു നൽകണമെന്നാവശ്യപ്പെട്ടു വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ, അവകാശ തർക്കങ്ങളോ സിവിൽ കേസുകളോ നിലവിലില്ലാത്തവ ക്രമപ്രകാരമാണെങ്കിൽ മാത്രം 200 രൂപയിൽ കുറയാത്ത മുദ്രപത്രത്തിൽ അപേക്ഷകരിൽനിന്നു സത്യവാങ്മൂലം വാങ്ങി വിശദമായി പരിശോധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ശുപാർശ സഹിതം ഒരു മാസത്തിനകം സർക്കാരിൽ സമർപ്പിക്കണം. സർക്കുലർ തീയതിക്കു ശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ മുൻകൂർ അനുമതിയില്ലാതെ നടത്തുന്ന സമാന സ്വഭാവമുള്ള കൈമാറ്റങ്ങൾ അംഗീകരിക്കില്ലെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ ഓഫിസർമാർ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണമെന്നും നിർദേശം നൽകി. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ മുൻകൂർ അനുമതി തേടാതെ നടത്തിയ മാനേജ്മെന്റ് കൈമാറ്റം സാധൂകരിക്കുന്നതിനായുള്ള നിരവധി അപേക്ഷകൾ ലഭിച്ച സാഹചര്യത്തിലാണ് സർക്കാർ നിർദ്ദേശം.



ഇ.വി കൺസോർഷ്യം ധാരണാപത്രം മുഖ്യമന്ത്രി പിണറായി വിജയൻ വ്യവസായ മന്ത്രി പി. രാജീവിന് കൈമാറുന്നു

# കുടുംബശ്രീയുടെ മുറ്റത്തെമുല്ല പദ്ധതി കൂടുതൽ ശക്തിപ്പെടുത്തും: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

കൊള്ളപ്പലിശയെടുത്ത് ജീവിതം കടക്കെണിയിലായ കുടുംബങ്ങളെ രക്ഷിക്കാനായി ആവിഷ്കരിച്ച 'മുറ്റത്തെ മുല്ല' പദ്ധതി എല്ലാ ജില്ലകളിലും ശക്തിപ്പെടുത്തുമെന്നും സഹകരണമേഖലയുമായി കൈകോർത്ത് കൂടുതൽ സ്ത്രീകൾക്ക് ആശ്വാസമേകുന്ന നിലയിൽ പദ്ധതിയെ വിപുലപ്പെടുത്തുമെന്നും തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

നിർധനരായ കുടുംബങ്ങളെ വട്ടിപ്പലിശക്കാർ പിഴിയുന്ന വ്യവസ്ഥ ഇല്ലാതാക്കാൻ വീടുകളിലേക്കെത്തി ലളിതമായ നടപടി ക്രമങ്ങളിലൂടെ ഏറ്റവും കുറഞ്ഞപലിശയ്ക്ക് ലഘുവായ്പ നൽകുകയും ആഴ്ചതോറുമുള്ള തിരിച്ചടവിലൂടെ ഗുണഭോക്താക്കളിൽ നിന്നും വായ്പാ തുക ഈടാക്കുകയും ചെയ്യുന്ന പദ്ധതിയാണ് 'മുറ്റത്തെ മുല്ല'. സമൂഹത്തിന്റെ താഴെ തട്ടിലുള്ള കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ, നിർദ്ധന കുടുംബങ്ങൾ തുടങ്ങിയവർ അമിത പലിശ ഈടാക്കുന്ന വായ്പകളിൽ കുരുങ്ങുന്നത് ഒഴിവാക്കാനാണ് സർക്കാർ ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്. മുറ്റത്തെ മുല്ലയിലൂടെ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനും സാധിക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.

പാലക്കാട് ജില്ലയിലാണ് 2018ൽ പദ്ധതി ആരംഭിച്ചത്. കുടുംബശ്രീ ജില്ലാമിഷനും ജില്ലയിലെ വിവിധ സഹകരണ ബാങ്കുകളും പദ്ധതിയുമായി സഹകരിച്ചു. തുടർന്നാണ് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചത്. നടപ്പു സാമ്പത്തിക വർഷം 535.65 കോടി രൂപയുടെ വായ്പയാണ് സഹകരണ ബാങ്കുകൾ വഴി അയൽക്കൂട്ടങ്ങൾക്ക് നൽകിയത്. 39,195 കുടുംബങ്ങൾക്ക് ഇതിലൂടെ സഹായം ലഭിച്ചു. 586 സഹകരണ ബാങ്കുകളുടെ സഹകരണത്തോടെ, 456 സി ഡി എസുകളിലൂടെ, 2,386 അയൽക്കൂട്ടങ്ങളാണ് മുറ്റത്തെ മുല്ല പദ്ധതി നടപ്പിലാക്കുന്നതെന്ന് മന്ത്രി പറഞ്ഞു. കടക്കെണിയിൽപ്പെട്ട കുടുംബങ്ങളെ കണ്ടെത്തുന്നതിനായി കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ മണിലെൻഡേഴ്സ് സർവേ സംഘടിപ്പിച്ചുകൊണ്ടാണ് പദ്ധതി ആരംഭിച്ചത്. സ്വകാര്യ മൈക്രോഫിനാൻസുകാർ 35 ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുമ്പോൾ, കുടുംബശ്രീ കുറഞ്ഞ പലിശ നിരക്കിൽ ഒരാൾക്ക് 1,000 മുതൽ 50,000 രൂപ വരെ 52 ആഴ്ച കാലാവധിയിലാണ് വായ്പ നൽകുന്നതെന്ന് മന്ത്രി പറഞ്ഞു.

ചില ജില്ലകളിൽ സഹകരണ ബാങ്കുകളുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിൽ വേണ്ടത്ര മുന്നേറ്റമുണ്ടായിട്ടില്ല. വരും നാളുകളിൽ ആ കുറവ് പരിഹരിക്കുന്നതിനായി ഇടപെടുമെന്നും പദ്ധതിയിലേക്കുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം ഗണ്യമായി വർധിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

# എക്രോസിന്റെയും അതിന്റെ എട്ട് ഉപപദ്ധതികൾക്കും അടുത്ത സാമ്പത്തിക

## ചക്രത്തിലേക്കുള്ള ചെലവ് 2,135 കോടി രൂപയായിരിക്കും

'അന്തരീക്ഷ കാലാവസ്ഥാ ഗവേഷണംമോഡലിംഗ് നിരീക്ഷണസംവിധാനവും സേവനങ്ങളും(എക്രോസ്) എന്ന കുടയ്ക്ക് കീഴിലുള്ള പദ്ധതികളും (അംബ്രലാ സ്കീം) അതിന്റെ എട്ട് ഉപപദ്ധതികളും അഞ്ചു വർഷത്തെ അടുത്ത സാമ്പത്തിക ചക്രത്തിലും തുടരുന്നതിന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സാമ്പത്തിക കാര്യങ്ങൾക്കുള്ള കേന്ദ്ര മന്ത്രിസഭാ സമിതി അനുമതി നൽകി. 2,135 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള പദ്ധതി 20212026 സാമ്പത്തിക ചക്രത്തിലും തുടരാനാണ് അനുമതി. ഭൗമശാസ്ത്ര മന്ത്രാലയം (എം.ഒ.ഇ.എസ്) അതിന്റെ യൂണിറ്റുകളായ ഇന്ത്യൻ കാലാവസ്ഥാ നിരീക്ഷണ വകുപ്പ് (ഇന്ത്യൻ മീറ്ററോളിജിക്കൽ ഡിപ്പാർട്ട്മെന്റ് ഐ.എം.ഡി), നാഷണൽ സെന്റർ ഫോർ മീഡിയം റേഞ്ച് വെതർ ഫോർകാസ്റ്റിംഗ് (ദേശീയ മദ്ധ്യതല കാലാവസ്ഥാ മുന്നറിയിപ്പ് കേന്ദ്രം എൻ.സി.എം.ആർ. ഡബ്ല്യു. എഫ്), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മീറ്റിരിയോളജി (ദേശീയ ഉഷ്ണമേഖലാ കാലാവസ്ഥ ഇൻസ്റ്റിറ്റ്യൂട്ട് ഐ.ഐ.ടി.എം), ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (അന്തർദ്ദേശീയ സമുദ്ര മുന്നറിയിപ്പ് കേന്ദ്രംഇൻകോസിസ്). എന്നിവ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്;

**വിശദാംശങ്ങൾ:**

കാലാവസ്ഥയേയും കാലാവസ്ഥാ സേവനത്തിന്റെയും വിവിധ വശങ്ങൾ അഭിസംബോധന ചെയ്യുന്ന ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ (എർത്ത് സയൻസസ് മന്ത്രാലയത്തിന്റെ എം.ഒ.ഇ.എസ്) അന്തരീക്ഷ ശാസ്ത്ര പരിപാടികളുമായി ബന്ധപ്പെട്ടതാണ് എക്രോസ് പദ്ധതി. എക്രോസ് എന്ന ഒരുകുടക്കീഴിൽ വരുന്ന പദ്ധതിയിൽ ഈ വശങ്ങളെ ഓരോന്നും എട്ട് ഉപപദ്ധതികളായി കൂട്ടിച്ചേർത്ത് നേരത്തെ പറഞ്ഞ നാല് സ്ഥാപനങ്ങൾ മുഖേന സംയോജിത രീതിയിൽ നടപ്പിലാക്കുന്നു.

**നടപ്പാക്കൽ തന്ത്രവും ലക്ഷ്യവും:**

ഋതുഭേദങ്ങളുടെയും കാലാവസ്ഥയുടെയും എല്ലാ വശങ്ങളും ഉൾക്കൊള്ളുന്നതിനായി വിവിധ വിഷയ സ്വഭാവമുള്ള എക്രോസ് പദ്ധതിക്ക് കീഴിലുള്ള എട്ട് ഉപപദ്ധതികളും ഐ.എം.ഡി, ഐ.ഐ.ടി.എം, എൻ.സി.എം.ആർ.ഡബ്ല്യൂ.എഫ്, ഇൻകോസിസ് എന്നിവയിലൂടെ സംയോജിത രീതിയിലാണ് നടപ്പിലാക്കുക. താഴെപ്പറയുന്ന എട്ട് പദ്ധിതികളിലൂടെ മേൽപ്പറഞ്ഞ ചുമതലകൾ നിറവേറ്റുന്നതിന് ഓരോ സ്ഥാപനത്തിനും നിയുക്തമായ പങ്കുണ്ട്:

പോളാരിമെട്രിക് ഡോപ്ലർ വെതർ റഡാറുകളുടെ (ഡി.ഡബ്ല്യു.ആർ) കമ്മീഷൻ ചെയ്യൽഐ.എം.ഡി

(2) മുന്നറിയിപ്പ് സംവിധാനത്തിന്റെ ആധുനികവൽക്കരണം (ഫോർകാസ്റ്റ് സിസ്റ്റം) ഐ.എം.ഡിയുടെ നവീകരണം

(3) ഋതുഭേദവും കാലാവസ്ഥാ സേവനങ്ങളും ഐ.എം.ഡി

(4) അന്തരീക്ഷ നിരീക്ഷണ ശൃംഖല1 എം.ഡി

(5) ഋതുഭേദങ്ങളുടെയും കാലാവസ്ഥയുടെയും ന്യൂമറിക്കൽ മോഡലിംഗ് എൻ.സി.എം.ആർ.ഡബ്ല്യു. എഫ്

(6) മൺസൂൺ മിഷൻ 111 ഐ.ഐ.ടി.എം/ എൻ.സി.എം.ആർ.ഡബ്ല്യു.എഫ്/ഇകോസിസ്/ഐ.എം.ഡി

(7) മൺസൂൺ സംവഹനം (കൺവെക്ഷൻ), മേഘങ്ങൾ, കാലാവസ്ഥാ വ്യതിയാനം (എ.സി4) ഐ.ഐ.ടി.എം/ എൻ.സി.എം.ആർ.ഡബ്ല്യൂ.എഫ്/ഐ.എം.ഡി

(8) ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് സിസ്റ്റം (എച്ച്.പി.സി.എസ്)ഐ.ഐ.ടി.എം/ എൻ.സി.എം.ആർ.ഡബ്ല്യു.എഫ്.

തൊഴിലവസര സൃഷ്ടിക്കൽ സാദ്ധ്യതകൾ ഉൾപ്പെടെയുള്ള പ്രധാന നേട്ടം

മെച്ചപ്പെട്ട ഋതുഭേദ, കാലാവസ്ഥ, സമുദ്ര പ്രവചനം, സേവനങ്ങൾ എന്നിവയും മറ്റ് അപകട സംബന്ധമായ സേവനങ്ങളും നൽകുകയും അതുവഴി

പൊതു കാലാവസ്ഥാ സേവനം, കാർഷികകാലാവസ്ഥാ സേവനങ്ങൾ, വ്യോമയാന സേവനങ്ങൾ, പരിസ്ഥിതി നിരീക്ഷണ സേവനങ്ങൾ, ജല കാലാവസ്ഥാ സേവനങ്ങൾ, കാലാവസ്ഥാ സേവനങ്ങൾ, വിനോദസഞ്ചാരം, തീർത്ഥാടനം, വൈദ്യുതി ഉൽപ്പാദനം, ജല പരിപാലനം, കായികം സാഹസികത തുടങ്ങിയ വിവിധ സേവനങ്ങളിലൂടെ അന്തിമ ഉപഭോക്താവിന് ആനുപാതികമായ ആനുകൂല്യങ്ങൾ കൈമാറുന്നത് ഉറപ്പാക്കുകയും ചെയ്യും. പ്രവചനം സൃഷ്ടിക്കുന്നത് മുതൽ അതിന്റെ വിതരണം വരെയുള്ള മുഴുവൻ പ്രക്രിയയ്ക്കും ഓരോ ഘട്ടത്തിലും ഗണ്യമായ മാനവശേഷി ആവശ്യമാണ്, അതുവഴി നിരവധി ആളുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

ഋതുഭേദങ്ങൾ, കാലാവസ്ഥ, സമുദ്രം എന്നിവയുടെ ഘടകങ്ങൾ നിരീക്ഷിക്കുകയും കാലാവസ്ഥാ ശാസ്ത്രത്തെ അഭിസംബോധന ചെയ്യുന്നതുൾപ്പെടെ സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികവുമായ നേട്ടങ്ങൾക്കായി ഋതുഭേദം, കാലാവസ്ഥ, അപകട സംബന്ധമായ പ്രതിഭാസങ്ങൾ എന്നിവ പ്രവചിക്കാനുള്ള കഴിവ് വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള ഗവേഷണവികസന പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് ഭൗമ ശാസ്ത്ര മന്ത്രാലയത്തിന്റെ അനുശാസനാകളിലൊന്ന്. ആഗോള കാലാവസ്ഥാ വ്യതിയാനം മൂലമുള്ള തീവ്രമായ കാലാവസ്ഥാ സംഭവങ്ങളുടെ വർദ്ധനവും കഠിനമായ കാലാവസ്ഥയുമായി ബന്ധപ്പെട്ട അപകടസാദ്ധ്യതകളും ഐ.എം.ഡി, ഐ.ഐ.ടി.എം, എൻ.സി.എം.ആർ.ഡബ്ല്യൂ.എഫ്, ഇൻകോസിസ് എന്നിവയിലൂടെ സംയോജിതമായി നടപ്പിലാക്കുന്ന നിരവധി ക്രമപ്പെടുത്തിയ ലക്ഷ്യമുള്ള പരിപാടികൾ രൂപീകരിക്കാൻ എം.ഒ.ഇ.എസ്നെ പ്രേരിപ്പിച്ചു. ഇതിന്റെ ഫലമായി, ഈ പ്രവർത്തനങ്ങൾ എക്രോസ് എന്ന ഒരുകുടയ്ക്ക് കീഴിൽ വരുന്ന പദ്ധതികളിൽ ഒന്നിച്ചുചേർത്തു.

# കോവാക്സിൻ 50 ശതമാനം മാത്രം ഫലപ്രാപ്തി

ന്യൂഡൽഹി: ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ഭാരത് ബയോടെകിന്റെ കോവിഡ് പ്രതിരോധ വാക്സിനായ കോവാക്സിൻ പ്രത്യക്ഷ ലക്ഷണങ്ങൾ കാണിക്കുന്ന കോവിഡിന് 50 ശതമാനം മാത്രം ഫലപ്രദമെന്ന് പഠനം. രണ്ടു ഡോസ് വാക്സിനെടുത്താൽ 50 ശതമാനം ഫലപ്രാപ്തിയുണ്ടാകുമെന്ന് ലാൻസെറ്റ് ഇൻഫെക്ഷ്യസ് ഡിസീസസ് ജേർണലിൽ പ്രസിദ്ധീകരിച്ച പഠനം പറയുന്നു.

ഡൽഹി എയിംസിൽ ഏപ്രിൽ 15 മുതൽ മെയ് 15 വരെ രോഗലക്ഷണങ്ങളുള്ള 2,714 ആശുപത്രി ജീവനക്കാരെ കേന്ദ്രീകരിച്ച് പഠനം നടത്തിയിരുന്നു.

ആർടിപിസിആർ പരിശോധനയിൽ ഇവർക്ക് കോവിഡ് സ്ഥിരീകരിച്ചിരുന്നു. പഠനകാലത്ത് ഡെൽറ്റ വേരിയന്റ് കേസുകളായിരുന്നു ഇന്ത്യയിൽ കൂടുതൽ. രോഗമുള്ളവരിൽ 80 ശതമാനം പേരിലും ഡെൽറ്റ വകഭേദമാണ് സ്ഥിരീകരിച്ചത്. ഇന്ത്യയിൽ കോവിഡിന്റെ രണ്ടാംതരംഗത്തിന്റെ കാലത്താണ് ആരോഗ്യപ്രവർത്തകരിൽ പഠനം നടത്തിയത്.

# റോഡുകളുടെ ഡിഫക്റ്റ് ലയബിലിറ്റി കാലാവധി പ്രസിദ്ധീകരിച്ചത് ചരിത്രപരമായ നടപടി: മന്ത്രി

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള രണ്ടായിരത്തിലധികം റോഡുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം കേടുപാടുകൾ കൂടാതെ കരാറുകാരന്റെ ബാധ്യതയിൽ പരിപാലിക്കുന്നതിന് ഏറ്റവും കുറഞ്ഞ കാലാവധി (ഡിഫക്റ്റ് ലയബിലിറ്റി പിരീഡ്) വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിച്ച നടപടി ചരിത്രപരമെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി പി.എ മുഹമ്മദ് റിയാസ്. മസ്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ സിനിമാ നടൻ ഇന്ദ്രൻസ് ഡിഫറന്റ് ലയബിലിറ്റി പിരീഡിന്റെ (ഡി.എൽ.പി) വിശദാംശങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രകാശനം ചെയ്തു.

റോഡുകളുടെ നിർമ്മാണമോ പുനരുദ്ധാരണമോ നടത്തിയ കരാറുകാരന്റേയും ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി എൻജിനിയറുടെയും പേരുകളും ഫോൺ നമ്പറുകളും ജില്ല തിരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റോഡുകളുടെ കേടുപാടുകൾ ശ്രദ്ധയിൽപ്പെട്ടാൽ ജനങ്ങൾക്ക് വെബ്സൈറ്റിൽ നോക്കി റോഡിന്റെ ഡിഫക്ട് ലൈബിലിറ്റി കാലാവധി (ഡി.എൽ.പി ) കഴിഞ്ഞിട്ടുണ്ടോ എന്ന് മനസ്സിലാക്കി ബന്ധപ്പെട്ട കരാറുകാരനെയോ എൻജിനിയറെയോ ഫോണിൽ ബന്ധപ്പെടാം, കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ ടോൾഫ്രീ നമ്പറിലും വിളിക്കാമെന്ന് മന്ത്രി പറഞ്ഞു.

പൊതുമരാമത്ത് വകുപ്പിൽ വരുന്ന വലിയ മാറ്റങ്ങളുടെ തുടക്കം മാത്രമാണ് ഇതെന്നും പൊതു റോഡുകൾ സംബന്ധിച്ച വിഷയങ്ങളിൽ കാഴ്ചക്കാരായി മാറി നിൽക്കാതെ ഡി.എൽ.പി വിശദാംശങ്ങൾ പരിശോധിച്ച് പൊതുജനം കാവൽക്കാരായി മാറണമെന്ന് മന്ത്രി പറഞ്ഞു. പൊതുജനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഭാഗമാകാനുള്ള അവസരമാണ് ഡി.എൽ.പി വിശദാംശങ്ങൾ പ്രസിദ്ധീകരിച്ചതിലൂടെ ലഭിച്ചതെന്ന് നടൻ ഇന്ദ്രൻസ് അഭിപ്രായപ്പെട്ടു. ഈ നടപടിയിലൂടെ ഉദ്യോഗസ്ഥരും കരാറുകാരും പ്രവർത്തനങ്ങളിൽ കൂടുതൽ ജാഗ്രത കാണിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഡി.എൽ.പി കാലാവധിയുടെ വിശദാംശങ്ങൾ പി.ഡബ്ല്യു.ഡി കേരള വെബ്സൈറ്റിൽ 'ഡി.എൽ.പി വർക്ക്ലിസ്റ്റ് ' എന്ന ലിങ്കിൽ ലഭ്യമാണ്. പി.ഡബ്ല്യു.ഡി സെക്രട്ടറി ആനന്ദ് സിംഗ്, ചീഫ് എഞ്ചിനീയർ (റോഡ്സ്) അജിത് രാമചന്ദ്രൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# 'തദ്ദേശകം' ഓൺലൈൻ ചർച്ചാവേദിക്കു തുടക്കം

പ്രാദേശിക ഭരണം ശക്തിപ്പെടുത്തുവാനുള്ള ഓൺലൈൻ ചർച്ചാവേദി 'തദ്ദേശകം' തദ്ദേശ സ്വയംഭരണ, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

അധികാര വികേന്ദ്രീകരണവും തദ്ദേശ സ്വയംഭരണവും ശക്തിപ്പെടുത്തുന്നതിനുള്ള ഓൺലൈൻ ചർച്ചാവേദി എന്ന നിലയിൽ കില രൂപകൽപ്പന ചെയ്തതാണ് 'തദ്ദേശകം' ഓൺലൈൻ ചർച്ചാവേദി. കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ 'തദ്ദേശകം' ഓൺലൈൻ ചർച്ചാവേദിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. കില സിസ്റ്റം അഡ്മിനിസ്ട്രേറ്റർ മിറാഷ് ഒ.എസ്. സ്വാഗതം പറഞ്ഞു.

അധികാരവികേന്ദ്രീകരണം തദ്ദേശസ്വയംഭരണം എന്ന വിഷയങ്ങളിൽ താൽപര്യമുള്ളവർക്ക് ചർച്ചാ വേദിയിൽ പങ്കെടുക്കാം. അംഗങ്ങൾ നിർദ്ദേശിക്കുന്ന വിഷയങ്ങൾ മോഡറേറ്റർ പോർട്ടലിൽ പ്രസിദ്ധീകരിക്കും. അംഗങ്ങൾ വിഷയങ്ങൾ നിർദ്ദേശിക്കുമ്പോൾ ആ വിഷയത്തിന്റെ പശ്ചാത്തലം, എന്തിനാണ് വിഷയം ചർച്ച ചെയ്യേണ്ടത്, ഈ ചർച്ചയിലൂടെ ലഭിക്കുന്ന ആശയങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കേണ്ടതുണ്ട്. ഒരു വിഷയത്തിന്റെ മുൻഗണന, കാലയളവ് എന്നിവ അതത് വിഷയത്തിന്റെ പ്രാധാന്യമനുസരിച്ച് മോഡറേറ്റർക്ക് നിശ്ചയിക്കാം.

ഓരോ ചർച്ചയുടെയും സംക്ഷിപ്ത രൂപം ചർച്ച അവസാനിപ്പിച്ച് ഒരു ആഴ്ചക്കുള്ളിൽ പ്രസിദ്ധീകരിക്കും. ഇംഗ്ലീഷിലോ മലയാളത്തിലോ ഈ ചർച്ചകളിൽ പ്രതികരിക്കാം. അതത് വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള ചിത്രങ്ങൾ, കേസ് സ്റ്റഡി എന്നിവ അപ്ലോഡ് ചെയ്യാനുള്ള സംവിധാനവും ഈ വേദിയിൽ ഉണ്ടായിരിക്കും. പൊതുജനങ്ങളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സംവിധാനം ഫലപ്രദമായി ഉപയോഗിക്കണമെന്ന് മന്ത്രി പറഞ്ഞു. പോർട്ടൽ അഡ്രസ്: വദ്ദേ:://വേമററലമെസ മാ.സശഹമ.മര.ശി/.

# കേരളോത്സവം 2021; ഇത്തവണ ഓൺലൈനായി രജിസ്ട്രേഷൻ നാളെ (നവംബർ 25) മുതൽ

സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കേരളോത്സവം 2021 കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈനായി ഇത്തവണ നടത്തും.

മത്സരാർത്ഥികൾക്കും ക്ലബ്ബുകൾക്കും www.k-er-a-lo-tsav-am.com വെബ്സൈറ്റ് മുഖേന നാളെ (നവംബർ 25) മുതൽ 30 വരെ രജിസ്റ്റർ ചെയ്യാം.

രജിസ്ട്രേഷൻ പൂർത്തിയാകുമ്പോൾ മത്സരാർത്ഥികൾക്ക് രജിസ്റ്റർ കോഡ് നമ്പരുകൾ ലഭ്യമാകും.

ഇവ ഉപയോഗിച്ചാണ് അടുത്തഘട്ടത്തിൽ മത്സരങ്ങളുടെ റെക്കോർഡ് ചെയ്ത വീഡിയോകൾ അപ്ലോഡ് ചെയ്യേണ്ടത്.

വീഡിയോയിൽ മത്സരാർത്ഥികൾ ലഭിച്ച ഫോൺ നമ്പറുകൾ വ്യക്തമായി പ്രദർശിപ്പിക്കണം. മത്സര വീഡിയോകൾ പ്രാഥമിക തലത്തിൽ സ്ക്രീനിംഗ് നടത്തിയശേഷം ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരിനത്തിൽ നിന്ന് അഞ്ച് എൻട്രികൾ വീതം ജില്ലാതലത്തിലേക്ക് നൽകും. ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടിയവർ വീഡിയോ സംസ്ഥാന മത്സരത്തിലേക്കായി ഒരു തവണകൂടി അപ്ലോഡ് ചെയ്യണം. അല്ലാത്തവർക്ക് പങ്കെടുകകാനാകില്ല. ജില്ലാ സംസ്ഥാനതല മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് പ്രൈസ്മണി, സർട്ടിഫിക്കറ്റ് എന്നിവ നൽകും.

# പ്രവാസികളെ ചൂഷണം ചെയ്യുന്ന വ്യാജൻമാർക്കെതിരെ പ്രവാസി ക്ഷേമ ബോർഡ്

കേരള പ്രവാസി ക്ഷേമ നിധിയിൽ പ്രവാസികൾക്ക് അംഗത്വം എടുത്തു നല്കാം എന്ന വ്യാജ പ്രചരണവുമായി പ്രവാസികളെ ചൂഷണം ചെയ്യുന്ന തട്ടിപ്പുകാർക്കെതിരെ മുന്നറിയിപ്പുമായി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്. ക്ഷേമ നിധിയിൽ അർഹരായ പ്രവാസി കേരളീയർക്ക് ഓൺലൈനായി അംഗത്വമെടുക്കുന്നതിനുള്ള സുരക്ഷിതമായ എല്ലാ സൗകര്യങ്ങളും കേരള പ്രവാസി ക്ഷേമ ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.pr-av-a-si-k-er-a-l-a.or-g മുഖേന ഒരുക്കിയിട്ടുണ്ട്. ഓഫ്ലൈൻ ആയി അംഗത്വ അപേക്ഷ സ്വീകരിക്കുന്നതിനുള്ള സൗകര്യം നിലനിർത്തിയിട്ടുണ്ടെന്ന് ബോർഡ് പത്രക്കുറിപ്പിലൂടെ അറിയിച്ചു.

അംഗത്വത്തിനായുള്ള രജിസ്ട്രേഷൻ ഫീസ് 200 രൂപ മാത്രമാണ്. ഒമാനിൽ പ്രവർത്തിക്കുന്ന ഗ്ലോബൽ മണി എക്സ്ചേഞ്ച്, മലപ്പുറം കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രവാസി ലിമിറ്റഡ്, (കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം നമ്പർ: 4455, മലപ്പുറം) എന്നീ സ്ഥാപനങ്ങൾ മാത്രമാണ് അർഹതയുള്ളവർക്ക് പ്രവാസി ക്ഷേമനിധി അംഗത്വം ബോർഡിന്റെ ഓൺലൈൻ സംവിധാനം വഴി നൽകാൻ അധികാരപ്പെടുത്തിയിട്ടുള്ള അംഗീകൃത സ്ഥാപനങ്ങൾ. എന്നാൽ ക്ഷേമ നിധി അംഗത്വം എടുത്തുനൽകാമെന്ന പരസ്യപ്രചാരണം നടത്തി ചില തട്ടിപ്പുകാർ വ്യാജ വെബ്സൈറ്റുകൾ വഴി പ്രവാസികളിൽ നിന്നും വൻതുക ഈടാക്കുന്നതായി ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഓൺലൈനായി അംഗത്വം എടുക്കുന്നതിന് 200 രൂപ മാത്രമാണ് രജിസ്ട്രേഷൻ ഫീസായി നൽകേണ്ടത്. യാതൊരുവിധ അധികതുകയും നൽകേണ്ടതില്ല. തട്ടിപ്പിനിരയാകാതെ സുരക്ഷിതമായി അംഗത്വം എടുക്കുന്നതിനായി ഒ.ടി.പി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു വഴി അർഹതയുള്ള ഓരോ പ്രവാസി കേരളീയനും തങ്ങളുടെ യൂസർ ഐ.ഡിയും പാസ്വേഡും ലഭ്യമാക്കിയ ശേഷം സുരക്ഷിതമായി, ചൂഷണത്തിന് വിധേയമാകാതെ അംഗത്വമെടുക്കുന്നതിനും മറ്റ് അടവുകൾ നടത്തുന്നതിനും കഴിയും. നിലവിലുള്ള അംഗങ്ങൾക്ക് തങ്ങളുടെ മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്ത് പാസ്വേർഡ് സംവിധാനമുപയോഗിച്ച് ലോഗിൻ നടത്താം.

സോഫ്റ്റ് വെയർ സംബന്ധമായ സംശയങ്ങൾക്കും സഹായത്തിനുമായി 8547902515, 04712785500, 502 എന്ന ഹെല്പ്പ് ലൈൻ നമ്പറുകൾ ഉപയോഗപ്പെടുത്താം. ക്ഷേമനിധി അംഗത്വത്തിനായി അധികതുക ഈടാക്കി പ്രവാസികളെ ചൂഷണം ചെയ്യുന്ന തട്ടിപ്പ് തടയുന്നതിനും ഇത്തരക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനും പോലീസിൽ പരാതി നല്കിയിട്ടുണ്ടെന്നും ബോർഡ് അറിയിച്ചു.

# സംരംഭകത്വ പ്രോത്സാഹന നിയമങ്ങളും നടപടിക്രമങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ശില്പശാല നടത്തി

സംരംഭകത്വ പ്രോത്സാഹന നിയമങ്ങളും നടപടിക്രമങ്ങളും സംബന്ധിച്ച് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലാ പഞ്ചായത്ത് ജയൻ സ്മാരക ഹാളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ഏകദിന ശില്പശാല നടത്തി. നിയമങ്ങളും നടപടിക്രമങ്ങളും ഇതര സാഹചര്യങ്ങളും സംരംഭങ്ങൾ ആരംഭിക്കുന്നതിന് എത്രത്തോളം സഹായകരമാണെന്ന് കണ്ടെത്തുന്നതിനുള്ള ഈസ് ഓഫ് ഡൂയിങ് ബിസിനസ് മെച്ചപ്പെടുത്തി സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുക ആണ് ലക്ഷ്യം. സംരംഭകത്വ നിയമങ്ങൾ സുഗമമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഷയത്തിലുള്ള അവബോധം വർധിപ്പിക്കാനും കൂടിയാണ് പരിശീലനം.

കൊല്ലം, കുന്നത്തൂർ, കരുനാഗപ്പള്ളി താലൂക്കുകളിലെ സെക്രട്ടറിമാർ, എൻജിനീയർമാർ തുടങ്ങിയവർക്കാണ് പരിശീലനം സംഘടിപ്പിച്ചത്. ശില്പശാലയുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ സാങ്കേതിക സെഷനുകളും നടത്തി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ ഉദ്ഘാടനം ചെയ്തു. യുവതലമുറയെ പുതിയ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തമാക്കുകയും അതുവഴി കൂടുതൽ പേരിലേക്ക് തൊഴിൽ അവസരങ്ങൾ എത്തിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ കലക്ടർ അഫ്സാന പർവീൺ മുഖ്യപ്രഭാഷണം നടത്തി. ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ നടപടിക്രമങ്ങൾ വേഗത്തിലും സുതാര്യവുമായി പൂർത്തിയാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രധാന പങ്കുണ്ട്. ഇതിന്റെ ഭാഗമായ നിയമങ്ങളെയും നടപടിക്രമങ്ങളെയും അടുത്തറിയുന്നതിന് ശില്പശാലകൾ സഹായകരമാകുമെന്നും കലക്ടർ പറഞ്ഞു.

ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ബിജു കുര്യൻ അധ്യക്ഷനായി. ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ആർ. ദിനേശ്, ജില്ലാ ടൗൺ പ്ലാനർ എം. വി. ശാരി, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ. സുനിൽകുമാർ, ഉപജില്ലാ വ്യവസായ ഓഫീസർ ഗ്ലാഡ്വിൻ അലോഷ്യസ്, കെ.പി.എം.ജി മാനേജർ ഇജാസ് ആലംഖാൻ, കെ.എസ്.ഐ.ഡി.സി അസിസ്റ്റന്റ് ജനറൽ മാനേജർ വർഗീസ് മാളക്കാരൻ തുടങ്ങിയവർ പങ്കെടുത്തു.



പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ ഡിഫക്ട് ലയബിലിറ്റി കാലാവധിയുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ നടൻ ഇന്ദ്രൻസ് പ്രകാശനം ചെയ്യുന്നു. പൊതുമരാമത്ത് മന്ത്രി പി. എ. മുഹമ്മദ് റിയാസ് സമീപം

# ക്രിപ്റ്റോ കറൻസികൾ നിയന്ത്രിക്കാൻ കേന്ദ്രം

ന്യൂഡൽഹി: ബിറ്റ് കോയിൻ ഉൾപ്പെടെ ക്രിപ്റ്റോ കറൻസികൾ നിയന്ത്രിക്കാനുള്ള ബിൽ പാർലമെന്റിലെ ശീതകാല സമ്മേളനത്തിൽ അവതരിപ്പിക്കാനൊരുങ്ങി കേന്ദ്രസർക്കാർ. ഇന്ത്യയിലെ എല്ലാ സ്വകാര്യ ക്രിപ്റ്റോ കറൻസികളും നിരോധിക്കുന്നതാണ് ബിൽ. എന്നിരുന്നാലും, ക്രിപ്റ്റോകറൻസിയുടെ അടിസ്ഥാന സാങ്കേതികവിദ്യയെയും അതിന്റെ ഉപയോഗങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന് ചില ഇളവുകൾ ബില്ലിൽ അനുവദിക്കുമെന്ന് സൂചനകളുണ്ട്. ക്രിപ്റ്റോ കറൻസികളുടെ സാങ്കേതികതയെക്കുറിച്ചുള്ള പാർലമെന്ററി സമിതിയുടെ ചർച്ചകൾക്ക് ശേഷമാണ് തീരുമാനം.

മുൻ സാമ്പത്തിക സഹമന്ത്രി ജയന്ത് സിൻഹ അധ്യക്ഷനായ യോഗത്തിൽ രാജ്യത്തെ വിവിധ ക്രിപ്റ്റോ എക്സ്ചേഞ്ചുകളുടെ പ്രതിനിധികളും പങ്കെടുത്തു. ക്രിപ്റ്റോ കറൻസിയെ രാജ്യത്ത് നിരോധിക്കേണ്ടെന്നും പകരം നിയന്ത്രിക്കുകയാണ് വേണ്ടതെന്നുമായിരുന്നു നേരത്തെ പാനൽ നിലപാട്.

നിക്ഷേപകരുടെ പണത്തിന്റെ സുരക്ഷിതത്വവും നിക്ഷേപസാധ്യതകളും സംബന്ധിച്ച പരസ്യങ്ങൾ ആശങ്കയുണ്ടാക്കിയിരുന്നു. ഡിജിറ്റൽ കറൻസികളുടെ നിയന്ത്രണത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി നിരവധി സ്റ്റേക്ക്ഹോൾഡേഴ്സുമായി സർക്കാർ ചർച്ച നടത്തിയിരുന്നു. ഈ വിഷയത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോഡിയുടെ നേതൃത്വത്തിൽ വിവിധ മന്ത്രാലയങ്ങളിലെയും ആർബിഐയിലെയും ഉദ്യോഗസ്ഥരുമായി ഉന്നതതല യോഗവും ചേർന്നിരുന്നു.

ക്രിപ്റ്റോ കറൻസി നിയന്ത്രിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോഡിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം തീരുമാനിച്ചിരുന്നു. നിലവിൽ ലോകത്ത് ക്രിപ്റ്റോ കറൻസികളിൽ ഏറ്റവുമധികം നിക്ഷേപമുള്ളത് ഇന്ത്യക്കാർക്കാണ്. രണ്ടുകോടിയോളം ഇന്ത്യക്കാർ ക്രിപ്റ്റോ കറൻസികളിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. ക്രിപ്റ്റോ കറൻസി ബിൽ ഉൾപ്പെടെ 29 ബില്ലുകൾ തിങ്കളാഴ്ച ആരംഭിക്കുന്ന ശൈത്യകാല സമ്മേളനത്തിൽ പരിഗണിക്കാനാണ് കേന്ദ്രസർക്കാർ പാർലമെന്റിന്റെ അനുമതി തേടിയത്. 26 ബില്ലുകൾ പുതിയവയാണ്.

# ടൂറിസം സാധ്യതയുള്ള പുതിയ കേന്ദ്രങ്ങൾ കണ്ടെത്തണം: മന്ത്രി മുഹമ്മദ് റിയാസ്

തിരുവനന്തപുരം: ജില്ലകളിൽ നിലവിലുള്ള ടൂറിസം കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം സാധ്യതയുള്ള പുതിയ കേന്ദ്രങ്ങൾ കണ്ടെത്തണമെന്ന് ടൂറിസം മന്ത്രി പിഎ മുഹമ്മദ് റിയാസ് പറഞ്ഞു. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളിലേക്ക് (ഡിടിപിസി) പുതുതായി തിരഞ്ഞെടുക്കപ്പെട്ട സെക്രട്ടറിമാർക്ക് ടൂറിസം വകുപ്പ് സംഘടിപ്പിച്ച ദ്വിദിന പരിശീലന ക്ലാസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ടൂറിസത്തെക്കുറിച്ച് സർക്കാരിന് കാഴ്ചപ്പാടുണ്ട്. സാധാരണക്കാരുടെ ജീവിതത്തിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ടൂറിസം നയങ്ങൾക്കനുസൃതമായാണ് ഡിടിപിസികൾ പ്രവർത്തിക്കേണ്ടത്. സമയബന്ധിതമായ അറ്റകുറ്റപ്പണികളിലൂടേയും നിരന്തര പരിശോധനകളിലൂടേയും ടൂറിസം ആസ്തികൾ കൃത്യമായി സംരക്ഷിക്കപ്പെടണം. അതത് ജില്ലകളിലുള്ള ടൂറിസം ആസ്തികളെക്കുറിച്ച് ഡിടിപിസി സെക്രട്ടറിമാർക്ക് അറിവുണ്ടായിരിക്കണം. അറ്റകുറ്റപ്പണികൾ നടപ്പിലാക്കാൻ പദ്ധതികൾ നടപ്പാക്കാം. അനാവശ്യ സ്വാധീനങ്ങൾക്കും സമ്മർദ്ദങ്ങൾക്കും വഴങ്ങാതെ പദ്ധതികൾ സുതാര്യതയോടെ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും മന്ത്രി ഡിടിപിസി സെക്രട്ടറിമാരോട് ആവശ്യപ്പെട്ടു.

വെൽനെസ്സ് ടൂറിസത്തിന് ആരോഗ്യവകുപ്പുമായും ഹൈഡൽ ടൂറിസത്തിന് വൈദ്യുതി വകുപ്പുമായും സിനിമാ ടൂറിസത്തിന് സാംസ്കാരിക വകുപ്പുമായും ഫൂഡീ വീൽസിന് ഗതാഗതവകുപ്പുമായും ടൂറിസം വകുപ്പ് ചർച്ചകൾ നടത്തി. പുതിയ പദ്ധതികൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി കൈകോർക്കുകയാണെന്നും പദ്ധതികളുടെ ഫണ്ട് ടൂറിസം വകുപ്പും തദ്ദേശ ഭരണ സ്ഥാപനങ്ങളും പങ്കിടുമെന്നും മന്ത്രി വ്യക്തമാക്കി.

കാരവൻ പാർക്കുകൾക്ക് സാധ്യതയുള്ള പ്രദേശങ്ങൾ ഡിടിപിസികൾ കണ്ടെത്തണം. ഡിടിപിസി ഉദ്യോഗസ്ഥർ പ്രവർത്തനങ്ങളിൽ അലംഭാവം കാട്ടരുതെന്നും കർശന പരിശോധനയുണ്ടാവുമെന്നും മന്ത്രി മുന്നറിയിപ്പ് നൽകി.

വിനോദസഞ്ചാരികൾക്ക് വിവരങ്ങൾ ലഭ്യമാക്കാനാവശ്യമായ മികച്ച സംവിധാനങ്ങൾ ഓരോ ജില്ലയിലും ഉറപ്പാക്കുകയാണ് അടിസ്ഥാന ആവശ്യമെന്ന് ടൂറിസം ഡയറക്ടർ വിആർ കൃഷ്ണതേജ പറഞ്ഞു. യാത്രാ വിവരങ്ങൾ കൂടാതെ, വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സന്ദർശകർക്ക് ലഭ്യമാകുന്ന സൗകര്യങ്ങളേയും സേവനങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ ഡിടിപിസി ഓഫീസുകൾ സൂക്ഷിക്കണം. ഓരോ കേന്ദ്രങ്ങളേയും വികസനസാധ്യതകളേയും കുറിച്ച് മനസ്സിലാക്കേണ്ടത് സുപ്രധാനമാണ്. വിനോദസഞ്ചാരകേന്ദ്രങ്ങളുടെ വലുപ്പം നോക്കാതെ സാധ്യതകൾ കണ്ടെത്തണം. ജില്ലകളുടെ ടൂറിസം വികസനമാണ് ലക്ഷ്യം. കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ ശുചിത്വത്തിനും സുരക്ഷിതത്ത്വത്തിനും ഊന്നൽ നൽകി ലക്ഷ്യസ്ഥാനങ്ങളുടെ പരിപാലനത്തിന് മുൻതൂക്കം നൽകണം.

ടൂറിസം മേഖലയിലെ നിക്ഷേപകർക്ക് തടസ്സരഹിത സമീപനം ഉറപ്പാക്കേണ്ടതുണ്ട്. ലക്ഷ്യസ്ഥാനങ്ങളെ പുനർനിർവ്വചിക്കുന്നതിനുള്ള നൂതന പദ്ധതികൾ നടപ്പിലാക്കാൻ പങ്കാളികൾക്കും സ്വകാര്യ സംരംഭകർക്കും സൗകര്യങ്ങൾ ലഭ്യമാക്കണമെന്നും അദ്ദേഹം വ്യക്തമാക്കി.

ടൂറിസം വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ ബിഎസ് ബിജു, മാർക്കറ്റിംഗ് വിഭാഗം ഡപ്യൂട്ടി ഡയറക്ടർ രാജീവ് ജിഎൽ എന്നിവരും ഗ്രാൻഡ് ചൈത്രത്തിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ സന്നിഹിതരായിരുന്നു.

ടൂറിസം വകുപ്പ് സീനിയർ ഫിനാൻസ് ഓഫീസർ സന്തോഷ്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എസ് ജോയ്, പ്ലാനിംഗ് ഓഫീസർ രാജീവ് കരിയിൽ, സംസ്ഥാന ഉത്തരവാദിത്ത മിഷൻ കോഓർഡിനേറ്റർ കെ. രൂപേഷ്കുമാർ എന്നിവർ ആദ്യ ദിവസത്തെ സെഷനുകൾക്ക് നേതൃത്വം നൽകി. മഡ്ഡി ബൂട്ട്സ് വെക്കേഷൻസ് ഡയറക്ടർ പ്രദീപ് മൂർത്തി, ബിഎസ് ബിജു, തെൻമല എക്കോടൂറിസം പദ്ധതിയുടെ മാനേജർ ഡി മനോജ് കുമാർ എന്നിവർ വ്യാഴാഴ്ച ത്തെ സെഷനുകൾ നയിക്കും

# പൊലീസ് തെരയുന്ന ഹാർഡ് ഡിസ്ക് വലയിൽ കുടുങ്ങി; മീൻപിടിത്തക്കാരൻ തിരികെയിട്ടു

കൊച്ചി: മോഡലുകളുടെ അപകടമരണവുമായി ബന്ധപ്പെട്ട കേസിൽ ഫോർട്ട് കൊച്ചിയിലെ ഹോട്ടലിലെ ദൃശ്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് കരുതുന്ന ഡിവിആർ ഹാർഡ് ഡിസ്ക് മീൻപിടിത്തക്കാരന്റെ വലയിൽ കുടുങ്ങി. പൊലീസ് അന്വേഷിക്കുന്ന ഹാർഡ് ഡിസ്ക്കാണ് ഇതെന്ന് തിരിച്ചറിയാനാകാതെ മീൻപിടിത്തക്കാരൻ ഡിസ്ക് വീണ്ടും കായലിലേക്ക് എറിഞ്ഞെന്നാണ് ലഭ്യമായ വിവരമെന്ന് അന്വേഷകസംഘം അറിയിച്ചു. പൊലീസ് ഉദ്യോഗസ്ഥർ ഹാർഡ് ഡിസ്കിന്റെ ഫോട്ടോ കാണിച്ചപ്പോഴാണ് ഹാർഡ് ഡിസ്ക് തങ്ങൾക്ക് കിട്ടിയിരുന്നു എന്ന വിവരം തൊഴിലാളികൾ പറഞ്ഞത്.

തിങ്കളാഴ്ച രാവിലെ ഇടക്കൊച്ചി കണ്ണങ്കാട്ട് പാലത്തിനുസമീപം വലയിട്ടപ്പോൾ ഒരു ബോക്സ് കിട്ടിയെന്നാണ് ഇവർ നൽകിയ മൊഴി. ഈ മേഖലയിൽ മത്സ്യത്തൊഴിലാളികളെയും കൂട്ടി കോസ്റ്റ് ഗാർഡ് തിരച്ചിൽ നടത്തുകയാണ്. അധികം ദൂരേക്ക് ഒഴുകി പോയിട്ടുണ്ടാകില്ല എന്ന നിഗമനത്തിലാണ് കോസ്റ്റ് ഗാർഡ്. ഹാർഡ് ഡിസ്ക് കണ്ടെത്താനായി വേണ്ടി വന്നാൽ നാവിക സേനയുടെ സേവനം തേടുമെന്ന് പൊലീസ് അറിയിച്ചു. മത്സ്യത്തൊഴിലാളികൾ പറയുന്ന സംഭവം അഗ്നി രക്ഷാസേനയുടെ സ്കൂബാ ഡൈവിങ് ടീം പരിശോധിക്കാനെത്തുംമുൻപായിരുന്നു. ബുധനാഴ്ച വീണ്ടും മത്സ്യത്തൊഴിലാളികളെയും ചേർത്ത് പരിശോധന നടത്തും. വല ഉപയോഗിച്ചും സ്ഥലത്ത് പരിശോധന നടത്താനാണ് നീക്കം.

# മേഘവിസ്ഫോടനം ആവർത്തിക്കാമെന്ന് പഠനം

കളമശ്ശേരി: ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നടന്നുകൊണ്ടിരിക്കുന്ന ഇൻട്രോമെറ്റ്21 അന്താരാഷ്ട്ര കാലാവസ്ഥാ വ്യതിയാന സമ്മേളനത്തിൽ കേരള തീരത്തെ അസാധാരണ താപനത്തെക്കുറിച്ച് സുപ്രധാന നിരീക്ഷണം. അമേരിക്കയിലെ ഫ്ളോറിഡ മിയാമി സർവകലാശാല റോസൻഷ്യൽ സ്കൂളിലെ പ്രൊഫ. ബ്രയാൻമേപ്സ്കുസാറ്റ് റഡാർ ഗവേഷണ കേന്ദ്രം ഡയറക്ടർ, ഡോ. എസ് അഭിലാഷ് എന്നിവരുടെ മേൽനോട്ടത്തിൽ നടന്ന പഠനത്തിൽ 1980 ന് ശേഷം അറബിക്കടൽ ഉൾപ്പെടുന്ന പടിഞ്ഞാറൻ ഇന്ത്യൻ സമുദ്രത്തിന്റെ താപനില പരമാവധി 29 ഡിഗ്രി സെൽഷ്യസ് എന്നത് 30 ഡിഗ്രി സെൽഷ്യസിന് മുകളിലേക്ക് ഉയരുന്നതായി വിലയിരുത്തി.

തെക്ക് കിഴക്കൻ അറബിക്കടലിന്റെ താപനില മറ്റ് സമുദ്രങ്ങളിലേതിനേക്കാൾ ഒന്നര മടങ്ങ് വേഗത്തിലാണ് വർധിക്കുന്നത്. ഈ താപനിരക്ക് ഏറ്റവുമധികം ചുഴലിക്കൊടുങ്കാറ്റ് (ടൈഫൂണുകൾ) ഉണ്ടാകുന്ന പടിഞ്ഞാറൻ പസഫിക് സമുദ്രത്തിന്റെ നിരക്കിനോട് തുല്യമായ അവസ്ഥയിലാണ്. അതിതീവ്ര കാലാവസ്ഥാ പ്രതിഭാസങ്ങൾക്ക് കാരണമാകുന്ന ഗാഢ സംവഹന പ്രക്രിയ തന്മൂലം കേരള തീരത്ത് വർധിക്കുന്നു. കേരളത്തിൽ 2018 മുതൽ ഉണ്ടാകുന്ന പ്രളയത്തിനും ഉരുൾപ്പൊട്ടലിനും കാരണമാകുന്ന ലഘുമേഘ വിസ്ഫോടനം പോലുള്ള അസാധാരണ പ്രതിഭാസങ്ങൾ ഈ അധികതാപനം മൂലമായാണ് പ്രധാനമായും ഉണ്ടാകുന്നത്. അസ്ഥിരമാകുന്ന അന്തരീക്ഷത്തിൽ സംയോജിത മേഘശൃംഖലകൾ രൂപം കൊള്ളുകയും ചുരുങ്ങിയ സമയത്തിനുള്ളിൽ തീവ്രമോ, അതിതീവ്രമോ ആയ മഴ പെയ്യിക്കുകയും ചെയ്യുന്നു.

കുസാറ്റിലെ ഡോ. വി വിജയകുമാർ, ബേബി ചക്രപാണി, പ്രൊഫ. കെ മോഹൻകുമാർ, ഇന്ത്യൻ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിലെ ഡോ. ഒ പി ശ്രീജിത്ത് തുടങ്ങിയവരും ഈ പഠനത്തിൽ പങ്കാളികളായി.

# കാർഷിക നിയമങ്ങൾ പിൻവലിക്കൽ ബിൽ ആദ്യ ദിവസം തന്നെ

ന്യൂഡൽഹി: വിവാദ കാർഷിക നിയമങ്ങൾ പിൻവലിക്കുന്നതിനുള്ള ബിൽ ശീതകാല സമ്മേളത്തിൻറെ ആദ്യ ദിവസം തന്നെ പാർലമെൻറിൽ അവതരിപ്പിക്കും. കാർഷിക നിയമങ്ങൾ പിൻവലിക്കൽ ബിൽ ആദ്യ ദിവസം തന്നെ കേന്ദ്ര സർക്കാർ ലിസ്റ്റ് ചെയ്തു.

ബുധനാഴ്ച ബില്ലിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. പ്രധാനമന്ത്രിയുടെ ഓഫീസുമായി കൂടിയാലോചന നടത്തിയ ശേഷം കേന്ദ്ര കൃഷി മന്ത്രാലയം ബില്ലിന് അന്തിമരൂപം നൽകിയിരുന്നു.

മൂന്നു നിയമങ്ങളെയും ഒറ്റ ബില്ലിൽ പിൻവലിക്കാണു തീരുമാനം. കർഷകർ മുന്നോട്ടു വയ്ക്കുന്ന മിനിമം താങ്ങുവിലയെന്ന ആവശ്യം ബില്ലിൽ നിർദേശമായി പരിഗണിക്കുന്നതിനും മറിച്ചു നിയമം ആക്കുന്നതിനും കൃഷിമന്ത്രാലയം ആലോചിക്കുന്നുണ്ട്. കാർഷിക നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനായി രൂപീ കരിച്ച സമിതികൾ പിൻവലിക്കും. സമിതികളെടുത്ത തീരുമാനങ്ങൾ റദ്ദാക്കും.

എന്നാൽ, ആവശ്യങ്ങൾ പൂർണമായും അംഗീകരിക്കാതെ സമരത്തിൽനിന്നു പിന്മാറില്ലെന്ന് കർഷക സംഘടനകൾ ആവർത്തിച്ചു. മിനിമം താങ്ങുവില ഉൾ പ്പെടെയുള്ള ആറു നിർദേശങ്ങളാണ് കർഷക സംഘടനകൾ മുന്നോട്ടുവച്ചത്.

ബിറ്റ് കോയിൻ ഉൾപ്പെടെ ക്രിപ്റ്റോ കറൻസികൾ നിയന്ത്രിക്കാനുള്ള ബില്ലുകളും ഉൾപ്പെടെ 29 ബില്ലുകൾ പാർലമെൻറിൻറെ ശീതകാല സമ്മേളത്തിൽ അവതരി പ്പിക്കും. ഇതിൽ 26 എണ്ണം പുതിയതാണ്. കോടതിക്കു പുറത്തു തർക്കങ്ങൾ പരിഹരിക്കാനുള്ള മധ്യസ്ഥത ബില്ലും നഴ്സിംഗ് വിദ്യാ ഭ്യാസ പരിഷ്കരണത്തിനുള്ള ബില്ലും ലഹരി നിയന്ത്രണ ബില്ലും ഇവയിൽ ഉൾപ്പെടും.

# ഉദ്യോഗസ്ഥർ സംരംഭർക്കാപ്പം സഞ്ചരിക്കണം: മന്ത്രി

സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ബാങ്ക് വായ്പകൾ ലഭ്യമാക്കുന്നതിനും വിജയകരമായി സംരംഭങ്ങൾ മുന്നോട്ടു നയിക്കുന്നതിനും എല്ലാ പിന്തുണയും നൽകി സംരംഭകർക്കൊപ്പം ഉദ്യോഗസ്ഥർ സഞ്ചരിക്കണമെന്ന് വ്യവസായ കയർ നിയമവകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ 'ഒരു വില്ലേജിൽ ഒരു പുതിയ വ്യവസായ സംരംഭം' പദ്ധതി ചൈത്രം ഹോട്ടലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

നാനോ വ്യവസായ സംരംഭങ്ങൾക്ക് വലിയ സാധ്യതകൾ ഉണ്ടെന്നും സംരംഭങ്ങൾ തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകൾക്കും പരിശീലനത്തിൽ പങ്കെടുക്കുന്ന ആളുകളുടെ എണ്ണത്തിനുമുപരി എത്രപേർ സംരംഭം തുടങ്ങിയെന്നും അവർക്കത് വിജയകരമായി നടത്തുവാൻ സാധിക്കുന്നുണ്ടോ എന്നതിലും ഉദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധിക്കണമെന്ന് മന്ത്രി പറഞ്ഞു.

ബാങ്കുകളിൽ നിന്ന് വായ്പ ലഭിക്കാൻ ചെറുകിട സംരംഭകരെ സഹായിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദ്ദേശം നൽകി. നാനോ സംരംഭങ്ങൾ വിജയകരമായി പ്രവർത്തിച്ച് ഇടത്തരം സംരംഭങ്ങളായി മാറണം. സംരംഭങ്ങളെ ആളുകൾ സംശയത്തോടെ വീക്ഷിച്ചിരുന്ന കാലം കഴിഞ്ഞു. 'നിങ്ങളുടെ സംരംഭം നാടിന്റെ അഭിമാനം' എന്നതാണ് വ്യവസായ വകുപ്പിന്റെ പുതിയ മുദ്രാവാക്യമെന്ന് മന്ത്രി പറഞ്ഞു.

ബോർഡ് സെക്രട്ടറി കെ.എ. രതീഷ് ചടങ്ങിൽ സ്വാഗതം പറഞ്ഞു. കെ.വി.ഐ.സി. സംസ്ഥാന ഡയറക്ടർ വി. രാധാകൃഷ്ണൻ പദ്ധതി വിശദീകരിച്ചു. ശ്രീനിവാസ പൈജി, കെ.കെ. ചാന്ദിനി, കെ.വി. ഗിരീഷ്കുമാർ, പ്രേംജീവൻ, സഞ്ജീവ്, പി.എൻ. മേരി വെർജിൻ തുടങ്ങിയവർ പങ്കെടുത്തു.

# ഡൽഹിയിൽ വായു മലിനീകരണ

ന്യൂഡൽഹി: ഡൽഹിയിൽ വായുമലിനീകരണ തീവ്രത ചെറിയ തോതിൽ കുറഞ്ഞിട്ടുണ്ടെങ്കിലും എക്യുഐ മോശം നിലയിൽ തുടരുന്നതായി സിസ്റ്റം ഫോർ ക്വാളിറ്റി ആന്റ് വെതർ ഫോർകാസ്റ്റിങ് ആന്റ് റിസർച്ച്.

നഗരത്തിലെ ശരാശരി എയർ ക്വാളിറ്റി ഇൻഡക്സ് 315 ആണ്. തിങ്കളാഴ്ച അത് 352 ആയിരുന്നു. അതിനു തൊട്ടു മുമ്പ് 355 ആയിരുന്നു.

വയൽകത്തിക്കലുമായി ബന്ധപ്പെട്ട മലിനീകരണത്തോതിൽ കുറവുണ്ടായിട്ടുണ്ടെന്ന് കണക്കുകൾ പറയുന്നു.

എക്യുഐ 050ന് ഉള്ളിലാണെങ്കിൽ 'നല്ലതെ'ന്നാണ് കണക്കാക്കുന്നത്. 51100 'തൃപ്തികരം', 101200 'മെച്ചപ്പെട്ടത്', 201300 'മോശം', 301400 'വളരെ മോശം', 401500 'ഗുരുതരം' എന്നിങ്ങനെയാണ് തിരിച്ചിരിക്കുന്നത്. അതേസമയം കാറ്റിന്റെ തീവ്രതയിൽ കുറവനുഭവപ്പെടാൻ സാധ്യതയുള്ളതുകൊണ്ട് എക്യുഐ മെച്ചപ്പെടുമോ എന്ന് സംശയമുണ്ട്.

നോയ്ഡ, ഗുരുഗ്രാം എന്നിവിടങ്ങളിൽ എക്യുഐ മെച്ചപ്പെട്ടിട്ടുണ്ട്. രണ്ടിടത്തും യഥാക്രമം 349, 321 എന്നിങ്ങനെയാണ് രേഖപ്പെടുത്തിയത്.

വെള്ളിയാഴ്ച വരെ സർക്കാർ ഉദ്യോഗസ്ഥരോട് വർക്ക് ഫ്രം ഹോം മോഡിൽ ജോലിയിൽ തുടരാൻ സർക്കാർ നിർദ്ദേശം നൽകിയിരിക്കുകയാണ്. സ്കൂളുകളും അടച്ചിരിക്കുകയാണ്.

# ലാബ് ടെക്നിഷ്യൻ കരാർ നിയമനം

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ ലാബ് ടെക്നിഷ്യൻ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡിസംബർ നാലിനു വൈകിട്ട് 3.30 വരെ അപേക്ഷകൾ സ്വീകരിക്കും. വിശദവിവരങ്ങൾക്ക്: ൦൦൦.ൃരര്ീ.ഴീ.ശി

# സഹകരണ സംഘങ്ങൾക്കുള്ള ആർബിഐ നിയന്ത്രണം: കേരളം സുപ്രീം കോടതിയിലേക്ക്

തിരുവനന്തപുരം:പ്രാഥമിക സഹകരണസംഘങ്ങൾക്ക് കടുത്ത നിയന്ത്രണം ഏർപ്പെടുത്തിയ റിസർവ് ബാങ്ക് നടപടിക്കെതിരെ സുപ്രീം കോടതിയെ സമീപിക്കുന്നതിൻറെ ഭാഗമായി അഡ്വക്കറ്റ് ജനറലിൻറെ നിയമോപദേശം തേടാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. റിസർവ് ബാങ്ക് നീക്കത്തെ നിയമപരമായി മറികടക്കാൻ മറ്റു നിയമ വിദഗ്ദ്ധരുടെയും അഭിപ്രായം തേടും.

ഇതിനായി സഹകരണ മന്ത്രി വി.എൻ. വാസവനെയും ധനമന്ത്രി കെ.എൻ. ബാലഗോപാലിനെയും മന്ത്രിസഭ ചുമതലപ്പെടുത്തി. കേരളത്തിൻറെ ആശങ്ക കേന്ദ്രത്തെ അറിയിക്കാൻ ആവശ്യമെങ്കിൽ പ്രതിനിധിസംഘത്തെ അയക്കും. റിസർവ് ബാങ്കിനെയും സർക്കാർ സമീപിക്കും. സമാന സാഹചര്യമുള്ള മറ്റു സംസ്ഥാനങ്ങളുമായും ആശയ വിനിമയം നടത്തും.

ബാങ്ക് എന്ന പേര് പ്രാഥമിക സഹകരണബാങ്കുകൾ ഉപയോഗിക്കരുത്, വോട്ടവകാശമില്ലാത്ത അംഗങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിക്കരുത് തുടങ്ങിയ നിയന്ത്രണങ്ങളാണ് ആർബിഐ കഴിഞ്ഞ ദിവസം പുറത്തിറക്കിയത്.

1625 പ്രാഥമിക സഹകരണ ബാങ്കുകളെയും 15,000ൽപ്പരം സഹകരണ സംഘങ്ങളെയും റിസർവ് ബാങ്ക് തീരുമാനം പ്രതികൂലമായി ബാധിക്കുമെന്നാണു മന്ത്രിസഭാ വിലയിരുത്തൽ. സംസ്ഥാനത്തെ സഹകരണമേഖലയുടെ താത്പര്യം സംരക്ഷിച്ചുകൊണ്ടുള്ള സുപ്രീം കോടതി വിധി മറികടക്കാനുള്ള ശ്രമമാണ് ഇപ്പോഴത്തെ നിയന്ത്രണവ്യവസ്ഥകളിലൂടെ റിസർവ് ബാങ്ക് നടത്തുന്നതെന്ന് മന്ത്രി വി.എൻ. വാസവൻ പിന്നീട് മാധ്യമങ്ങളോട് പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.